Sahyanadham August 2015
Reg. No. KERMAL / 2004 / 12498. No. KL/IDK/08/2013-15
Date of Publication: 02/8/2015
Posted at Thodupuzha Stg.
Annual Subscription Rs. 60.00



Printed at St. Martha's Offset Printers, Murickassery
Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal
Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 12
ആഗസ്റ്റ് 2015
ലക്കം 8



ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ


Volume : 12
Issue No. : 8
Month : August 2015





*Chief Editor*
**Fr. Joseph Kochukunnel**

*Reg. Editor*
Rev. Fr. James Punnaplackal

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ക്യാൻസറെന്ന മാരകരോഗം | 5 |
| നീതി ഞായർ 2015 | 11 |
| രൂപത കച്ചേരി | 15 |
| വിശ്വാസപരിശീലനം | 27 |
| വിദ്യാഭ്യാസം | 29 |
| സാമൂഹ്യസേവനം | 30 |
| തിരുബാലസഖ്യം | 34 |
| ചെറുപുഷ്പ മിഷൻലീഗ് | 35 |
| കെ.സി.എസ്.എൽ. | 39 |
| കെ.സി.വൈ.എം. | 41 |
| കെ.സി.ബി.സി. മദ്യവിരുദ്ധസമിതി | 43 |
| കുടുംബ പ്രേഷിതത്വം | 45 |
| ആത്മജ്യോതിയിലെ പരിപാടികൾ | 45 |
| പ്രാർത്ഥനാഗ്രൂപ്പ് | 46 |
| കുടുംബ കൂട്ടായ്മ | 47 |
| കത്തോലിക്കാ കോൺഗ്രസ് | 48 |
| കേരള ലേബർ മൂവ്മെന്റ് | 53 |
| അറിയിപ്പുകൾ | 55 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 56 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 58 |


"Prayer is to our soul what rain is to the soil. Fertilize the soil ever so richly, it will remain barren unless fed by frequent rains."
*St. John Maria Vianney*



## ഓർമ്മിക്കാൻ

### ആഗസ്റ്റ് മാസത്തിലെ പ്രധാന ദിനങ്ങളും പരിപാടികളും

01-08 : കത്തോലിക്ക കോൺഗ്രസ് മോചനയാത്ര
02-07 : വൈദികരുടെ വാഷികധ്യാനം
07 : കെ.സി.എസ്.എൽ. മെഗാക്വിസ് സ്കൂളുകളിൽ
10-12 : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി
14 : സമർപ്പിത വൈദിക സംഗമം, ആത്മജ്യോതി അടിമാലി
14 : സി.എം.എൽ. രൂപതാസാഹിത്യമത്സരം
23-26 : സി.എം.എൽ. രൂപതാക്യാമ്പ്, പടമുഖം
23-26 : കെ.സി.എസ്.എൽ. രൂപതാക്യാമ്പ്, പൈനാവ്
29 : സി.എം.എൽ. മേഖല കലോത്സവം
31-Sept.02 : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി

### ആരാധനക്രമം

04 : വി. ജോൺ മരിയ വിയാനി
06 : നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം
11 : വി. ക്ലാര
14 : വി. മാക്സിമില്യൻ കൊൾബെ
15 : സ്വർഗാരോപണ തിരുനാൾ
: ഇന്ത്യൻ സ്വാതന്ത്ര്യദിനം
24 : വി. ബർത്തേലോമിയോ ശ്ലീഹാ
28 : വി. അഗസ്റ്റിൻ
29 : വി. എവുപ്രാസ്യ
30 : ഏലിയ-സ്ലീവാ-മുശക്കാലങ്ങൾ ആരംഭം

C. 23 **ക്യാൻസറെന്ന മാരകരോഗം**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

"നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾ തന്നെ" (1 കൊറി:3/16-17) എന്ന് വിശുദ്ധഗ്രന്ഥം പഠിപ്പിക്കുമ്പോൾ നമ്മുടെ ശരീരത്തെ പരിശുദ്ധമായി കാത്തുസൂക്ഷിക്കുന്നതിനുള്ള ഉത്തര വാദിത്വം ഓർമ്മപ്പെടുത്തുന്നതിനൊപ്പം അതിന്റെ ആരോഗ്യം സംരക്ഷിക്കുവാനുള്ള കടമയും അനുസ്മരിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ ദാനമായ ജീവനും, ജീവന്റെ ഇരിപ്പിടമായ ശരീരവും സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും എല്ലാവർക്കും കടമയുണ്ട്. ഇവയ്ക്ക് ഭീഷണിയാകുന്ന സാഹചര്യങ്ങളെപ്പറ്റി നമുക്ക് വലിയ ജാഗ്രത വേണം. നമ്മുടെ ഈ കാലഘട്ടത്തിൽ മനുഷ്യന്റെ ആയുസ്സ് വെട്ടിച്ചുരുക്കുകയും ജീവിതം നരകതുല്യമാക്കുകയും ചെയ്യുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ഇവയിൽ ഏറ്റവും ഗൗരവ ത്തോടെ പരിഗണിക്കേണ്ട ഒരു വിഷയമാണ് ക്യാൻസർ. മലയോര മേഖലയിൽ ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയാണ്. 21-ാം നൂറ്റാണ്ടിൽ പൊതു ആരോഗ്യ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളി ക്യാൻസർ ആണെന്നും ഇപ്പോൾ ലോകത്ത് നടക്കുന്ന മരണങ്ങളിൽ പത്തിൽ ഒന്ന് ക്യാൻസർ മൂലമാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു (WHO 1997). 2005 ൽ 6.5 ദശലക്ഷം ക്യാൻസർ രോഗികൾ ഉണ്ടായിരുന്നിടത്ത് 2015 ൽ അത് 9 ദശലക്ഷം ആയി ഉയർന്നിരിക്കുന്നു. ഇൻഡ്യയിൽ ഓരോ വർഷവും 1.7 ദശലക്ഷം ക്യാൻസർ രോഗികൾ ഉണ്ടാകുന്നു (കേരള ആരോഗ്യ വകുപ്പ്).

കേരളത്തിൽ ഒരു ലക്ഷം പേരിൽ 110 പേർ ക്യാൻസർ രോഗികളാണ്. ഇടുക്കി ജില്ലയിൽ അത് ഒരു ലക്ഷത്തിന് 170 പേരാണ് (NCD Study - 2014). നൂറുകണക്കിന് ക്യാൻസർ കേസുകൾ ദിവസം പ്രതി കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. കൊച്ചുകുട്ടികൾ



തുടങ്ങി എല്ലാ പ്രായക്കാരിലും രോഗം കാണപ്പെടുന്നു എന്നത് ആശങ്കാജനകമാണ്.

മരണത്തിൽ എത്താവുന്ന തരത്തിൽ ശരീരത്തിലെ കോശങ്ങളുടെ അനിയന്ത്രിതമായ വളർച്ചയും വ്യാപനവും ആണ് ക്യാൻസർ എന്നതുകൊണ്ട് അർത്ഥമാകുന്നത്. ശരീരകോശങ്ങളുടെ അനിയന്ത്രിതമായ വളർച്ച മറ്റ് അവയവങ്ങളെ കാർന്ന് തിന്നുന്ന അവസ്ഥയാകുന്നു. ജീവിത ശൈലികൾ, ഭക്ഷണക്രമങ്ങൾ, ഹോർമോണുകൾ ഇവയാണ് ക്യാൻസറിന്റെ പ്രധാന കാരണങ്ങൾ. അഞ്ച് ശതമാനം ക്യാൻസർ പാരമ്പര്യമായി ഉണ്ടാകുന്നവയാണ്. കൊഴുപ്പ്, കലോറി, ഹോർമോൺ സാന്നിധ്യം ഇവ വളരെ കൂടിയ ഭക്ഷണം, വ്യായാമത്തിന്റെ കുറവ്, വായു, ജലം, മണ്ണ് എന്നിവയിൽ നിറയുന്ന മാലിന്യങ്ങൾ ഇവ ക്യാൻസർ വ്യാപിക്കുന്നതിന് പ്രധാന കാരണങ്ങളാണ്. ഏലം, പച്ചക്കറികൾ തുടങ്ങിയവ കൂടുതൽ കൃഷിചെയ്യുന്ന മേഖലകളിലാണ് ക്യാൻസർ രോഗികളെ അധികമായി കണ്ടുവരുന്നത്. അവിടെ അനിയന്ത്രിതമായി പ്രയോഗിക്കുന്ന പലതരം കീടനാശിനികളാണ് ഇതിന് കാരണം. കീടനാശിനികളും, കളനാശിനികളും വ്യാപകമായി ഉപയോഗിക്കുമ്പോൾ അവയുടെ അംശം വായുവിലും, വെള്ളത്തിലും മണ്ണിലും ലയിക്കുന്നു. ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം, കഴിക്കുന്ന ഭക്ഷണം ഇവയിലൂടെ ഈ വിഷാംശങ്ങൾ ശരീരത്തിൽ എത്തുന്നു. അമ്മ യുടെ മുലപ്പാലിൽ പോലും ഈ വിഷാംശം കാണപ്പെടുന്നുവെന്ന് ഡോക്ടർമാർ പറയുന്നു. ചില കൃഷിക്കാർ തങ്ങളുടെ സ്വന്തം ആവശ്യത്തിനുള്ളവ വിഷാംശം ചേരാതെ ഉത്പാദിപ്പിക്കുമ്പോൾ വിപണനത്തിനായി കൃഷി ചെയ്യുന്നവയിൽ വളരെ കൂടുതലായി വിഷം ഉപയോഗിക്കുന്നു. മഹാഭൂരിപക്ഷവും ചന്തയിൽനിന്ന് വാങ്ങിക്കുന്നത് ഇത്തരം ഉല്പന്നങ്ങളാണ്. ധാന്യങ്ങളും മറ്റും കേടുകൂടാതെ ഏറെ നാൾ സൂക്ഷിക്കുന്നതിനായി വളരെ അപകടകരമായ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നുണ്ട്.

ഭക്ഷണം പാകം ചെയ്യുമ്പോൾ ഉപയോഗിക്കുന്ന രുചിക്കൂട്ടു കൾ, നിറങ്ങൾ, പ്രിസർവേറ്റീവ്സ് ഇവയെല്ലാം ക്യാൻസറിന് കാരണമാകുന്നുണ്ട്. ഇൻസ്റ്റന്റ് ഫുഡ്, മദ്യം, മയക്കുമരുന്ന് ഇവയുടെ

ഉപയോഗം, പുകവലി എന്നിവയും ക്യാൻസറിലേക്ക് നയിക്കുന്ന കാരണങ്ങളാണ്.

റേഡിയേഷൻ, കീമോതെറാപ്പി, ശസ്ത്രക്രിയ ഇവയാണ് ക്യാൻസറിന്റെ പ്രധാന ചികിത്സാ രീതികൾ. രോഗം വരാതെ സൂക്ഷിക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. നമ്മുടെ നാട്ടിൽ സുലഭമായുള്ള ചക്കയിൽ നിന്നും ലഭിക്കുന്ന വിവിധ ഉത്പന്നങ്ങൾ ക്യാൻസർ പ്രതിരോധത്തിന് അത്യുത്തമമാണ്. ചക്കച്ചുളയിൽ കാണുന്ന സ്റ്റാർച്ച്, ഫൈബർ, ചക്കക്കുരുവിൽ നിന്നും ലഭിക്കുന്ന ബി കോപ്ലക്സ്, ഫൈബർ, പൊട്ടാസിയം, കൊഴുപ്പ്, അന്നജം, മാംഗനീസ്, മഗ്നീഷ്യം ഇവയെല്ലാം ക്യാൻസർ പ്രതിരോധത്തിന് സഹായിക്കുന്ന ഘടകങ്ങളാണ്. തേങ്ങയും, വെളിച്ചെണ്ണയും കൊഴുപ്പ് കൂടുതലുള്ള ഉത്പന്നങ്ങളെന്ന് വ്യാപക പ്രചരണങ്ങൾ ഉണ്ടെങ്കിലും മനുഷ്യ ശരീരത്തിന് ആവശ്യമുള്ള പ്രധാന പോഷക മൂല്യങ്ങൾ ഇവയിൽ അടങ്ങിയിട്ടുണ്ടെന്നും അതിനാൽതന്നെ ഇതിന്റെ മിതമായ ഉപയോഗം ആരോഗ്യ സംരക്ഷണത്തിനും പ്രത്യേകിച്ച് ക്യാൻസർ പ്രതിരോധത്തിനും നല്ലതാണെന്നും ഗവേഷകർ പറയുന്നു. മുള്ളാത്തപ്പഴം, ലക്ഷ്മിതരു, കറ്റാർവാഴ തുടങ്ങിയ ചെടികളും ക്യാൻസറിന് പ്രതിവിധിയായി നിർദ്ദേശിക്കപ്പെടുന്നുണ്ട്.

ക്യാൻസറിന് എതിരെ വ്യാപകമായ ബോധവൽക്കരണം ഉണ്ടാകണം. ഇതിന്റെ ഭീകരതയും ഇതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളും വളരെ ഗൗരവമായി ഇടവകകളിൽ ചർച്ച ചെയ്യണം. വിവിധ സന്യാസ സമൂഹങ്ങൾ, ഭക്തസംഘടനകൾ, മതപഠനക്ലാസ്സുകൾ, കുടുംബ കൂട്ടായ്മകൾ, സ്വാശ്രയ സംഘങ്ങൾ തുടങ്ങി സാദ്ധ്യമായ എല്ലാ ഫോറങ്ങളിലും ഇവയെക്കുറിച്ചുള്ള കൂട്ടായ പഠനം നടക്കണം. രൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ബോധവൽക്കരണ യജ്ഞങ്ങൾക്ക് നേതൃത്വം നൽകണം. ക്യാൻസറിന് എതിരെയുള്ള ചെറുത്ത് നിൽപ് വ്യക്തിതലങ്ങളിലും കുടുംബതലങ്ങളിലും ഉണ്ടാകണം.

മായം ചേരാത്തതും വിഷാംശം ഇല്ലാത്തതുമായ ഭക്ഷണം എല്ലാവരുടേയും അവകാശമാണ്. ഇത് ഉറപ്പാക്കുന്നതിന് ഭക്ഷ്യ



സുരക്ഷ, ഭക്ഷ്യ സ്വയം പര്യാപ്തത, ഭക്ഷ്യ സമൃദ്ധി ഇവ ലക്ഷ്യം വയ്ക്കുന്ന പ്രവർത്തനങ്ങൾ കൂടുതലായി ഉണ്ടാകണം. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുകൾ, ധാന്യങ്ങൾ ഇവ പരമാവധി കൃഷി ചെയ്ത് ഉണ്ടാക്കണം. തരിശായി കിടക്കുന്ന കൃഷിയിടങ്ങളെല്ലാം ഇത്തരം കൃഷികൾക്കായി പ്രയോജനപ്പെടുത്തണം. അടുക്കളത്തോട്ടങ്ങൾ എല്ലാ വീടുകളിലും ഉണ്ടാകണം. വീട്ടുമുറ്റത്തോ ടെറസിലോ മണ്ണ്, മണൽ, ചാണകം ഇവ സമം ചേർത്തുള്ള മിശ്രിതം ചാക്കിൽ നിറച്ച് പച്ചക്കറികൾ കൃഷി ചെയ്യാവുന്നതാണ്. നമ്മുടെ ദൈവാലയങ്ങൾ, സ്കൂൾ, മറ്റു പൊതുസ്ഥാപനങ്ങൾ എന്നിവയുടെ പരിസരങ്ങളിൽ മാതൃകാ പച്ചക്കറിതോട്ടങ്ങൾ നിർമ്മിച്ച് ജനങ്ങൾക്ക് പ്രചോദനം നല്കുവാൻ വികാരിയച്ചന്മാർ നേതൃത്വം നൽകണം.

വ്യാപാരികൾ, ഉദ്യോഗസ്ഥർ എന്നിവർക്കും തങ്ങളുടെ വിശ്രമ സമയം പ്രയോജനപ്പെടുത്തി വീട്ടാവശ്യത്തിനെങ്കിലുമുള്ള കാർഷിക ഉൽപന്നങ്ങൾ കൃഷി ചെയ്ത് ഉണ്ടാക്കാവുന്നതാണ്. ഇത് കൃഷിയുടെ മഹത്വം പ്രചരിപ്പിക്കുന്നതിനും സുരക്ഷിതമായ ഭക്ഷണം ലഭ്യമാക്കുന്നതിനും ശരിയായ വ്യായാമം ലഭിക്കുന്നതിനും സഹായിക്കും. വിദ്യാർത്ഥികൾ, യുവജനങ്ങൾ എന്നിവരെയും കൃഷിയിൽ തൽപ്പരരാക്കുവാൻ പ്രോത്സാഹിപ്പിക്കണം.

രൂപതയിലെ എല്ലാ സംവിധാനങ്ങളും ഇത്തരം കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കണം. വിത്ത്, തൈ ഇവയുടെ വിതരണം, പൊതുവായ വിളവെടുപ്പുത്സവം തുടങ്ങിയവ സംഘടിപ്പിക്കാവുന്നവയാണ്. കർഷകർ പരസ്പരം വിത്തുകളും തൈകളും കൈമാറുന്നതും പ്രോത്സാഹിക്കേണ്ടതാണ്. അന്യം നിന്നുപോയ കൃഷിയിനങ്ങൾ തിരികെ കൊണ്ടുവരണം. സാദ്ധ്യമായ സ്ഥലങ്ങളിൽ നെൽകൃഷിയും പുനഃസ്ഥാപിക്കണം. ഇടവക തലത്തിൽ കാർഷിക മേളകൾ സംഘടിപ്പിച്ച് വിള പ്രദർശനത്തിനും, കർഷകരെ ആദരിക്കുന്നതിനും അവസരം ഒരുക്കേണ്ടതാണ്.

സന്യാസ ഭവനങ്ങൾ പ്രാർത്ഥന, പഠനം, കായികാദ്ധ്വാനം എന്നീ പരമ്പരാഗത സന്യാസ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ച് സന്യാസ ഭവനങ്ങളുടെ ചുറ്റും പച്ചക്കറികളും, ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിച്ച് മറ്റുള്ളവർക്ക് മാതൃകയാവണം.

കന്നുകാലി വളർത്തൽ, മുട്ടക്കോഴികൃഷി, മത്സ്യകൃഷി തുടങ്ങിവയും നമ്മുടെ കുടുംബങ്ങളോട് അനുബന്ധിച്ച് വ്യാപകമായി ചെയ്താൽ വീട്ടിലെ ഉപയോഗത്തിനും വിപണനത്തിനും അത് പ്രയോജനപ്പെടുത്താം. ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് രോഗപ്രതിരോധ ഔഷധങ്ങളായി അവ പ്രയോജനപ്പെടുത്തുന്നത് നല്ലതാണ്. ഉരഗുളിക, മുറിവെണ്ണ തുടങ്ങിയ പച്ചമരുന്നുകൾ ഉണ്ടാക്കി ഉപയോഗിച്ചാൽ അതുവഴി പല രോഗങ്ങളേയും നിയന്ത്രിക്കുവാൻ കഴിയും.

കൃഷികളിൽ രാസവളങ്ങളുടേയും, കീടനാശിനികളുടേയും ഉപയോഗം പരിപൂർണ്ണമായും ഒഴിവാക്കുവാൻ ശ്രദ്ധിക്കണം. ഇവ വഴി മണ്ണ്, വായു, ജലം ഇവ സുരക്ഷിതമായി സംരക്ഷിക്കുവാനും വിഷാംശമുള്ള ഭക്ഷ്യ വസ്തുക്കൾ ഒഴിവാക്കുവാനും കഴിയും. എല്ലാ വീടുകളിലും ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നത് നല്ലതാണ്. അതുവഴി ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ ഗ്യാസ് ലഭിക്കുമെന്ന് മാത്രമല്ല, അതിലൂടെ ലഭ്യമാകുന്ന സ്ലെറി ജൈവ കൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതുമാണ്. മണ്ണിര കമ്പോസ്റ്റ്, ജീവാണുവളങ്ങൾ ഇവയെല്ലാം പ്രകൃതിയ്ക്കിണങ്ങിയ കൃഷിരീതിയിൽ ഉപയോഗിക്കുന്നവയാണ്. നാണ്യവിളകളും സുഗന്ധവ്യഞ്ജനങ്ങളും കൃഷി ചെയ്യുന്നത് പരിമിതപ്പെടുത്തി ഭക്ഷ്യ ഉത്പന്നങ്ങൾക്ക് കൂടുതൽ പ്രധാന്യം കൊടുക്കണം. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഊന്നൽ കൊടുക്കുന്ന ജൈവകൃഷി സർട്ടിഫിക്കേഷൻ പദ്ധതികൾ കൂടുതൽ വ്യാപകമായി ഏറ്റെടുക്കണം. കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം ഏറ്റവും രൂക്ഷമായ പ്രശ്നമാണ്. ഇതിന് പരിഹാരമായും അധിക വരുമാന പദ്ധതിയായും സ്ത്രീകളെ കൃഷിയിലേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനായും സൊസൈറ്റി ആവിഷ്ക്കരിച്ചിട്ടുള്ള 'ഫാം ഫ്രണ്ട്സ്' പോലുള്ള സംവിധാനങ്ങൾ എല്ലായിടത്തും നടപ്പിലാക്കണം.

ക്യാൻസർരോഗം സ്ഥിരീകരിക്കപ്പെടുന്നതോടെ തളർന്നുപോകുന്ന രോഗികളെയും കുടുംബങ്ങളെയും സന്ദർശിക്കുവാനും ധൈര്യം പകരുവാനും വിശ്വാസികൾ പ്രത്യേകം ശ്രദ്ധിക്കണം. ഇവരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അടിയന്തിര സേവനം ലഭ്യമാക്കുവാൻ താത്പര്യം കാണിക്കണം. ക്യാൻസർ രോഗചികിത്സ



വളരെ ചിലവേറിയതാണ്. പല സ്ഥലങ്ങളിലും പൊതുജനങ്ങൾ തന്നെ സാമ്പത്തിക സമാഹരണം നടത്തി ചികിത്സയ്ക്കായി സഹായിക്കുന്നത് അഭിനന്ദനീയമാണ്. രൂപതാതലത്തിൽ ജാതിമത വ്യത്യാസമില്ലാതെ നിർദ്ധനരായ ക്യാൻസർ രോഗികൾക്ക് ചികിത്സയിൽ ഒരു കൈത്താങ്ങ് ആകുക എന്ന ലക്ഷ്യവുമായി "സമാശ്വാസ്" എന്ന പേരിൽ ഒരു ക്യാൻസർ ചികിത്സാ സഹായ നിധി സമാഹരിക്കുകയാണ്. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നേതൃത്വം നല്കുന്ന ഈ പദ്ധതിക്ക് എല്ലാവരുടേയും സഹകരണം ഉണ്ടാകണം. ഉദാരതയോടെ ഈ പുണ്യകർമ്മത്തിന് സംഭാവനകൾ നൽകാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. ക്യാൻസർ രോഗികൾക്ക് പാലിയേറ്റീവ് കെയർ യൂണിറ്റ്, സർക്കാരിന്റെ കാരുണ്യ ചികിത്സാ പദ്ധതി ഇവയുടെ സഹായം ലഭ്യമാക്കുന്നതിന് സൊസൈറ്റി സഹായിക്കും.

നമുക്കെല്ലാവർക്കും ഒന്നുചേർന്ന് ഈ വലിയ വിപത്തിനെതിരെ പടപൊരുതാം. നമ്മുടെ ആരോഗ്യവും വരും തലമുറയുടെ ആരോഗ്യവും നമ്മുടെ കൈകളിലാണ്. ഇത് സംരക്ഷിക്കുന്നതിനായി നമ്മുടെ ജീവിത ശൈലികളിലും, ഭക്ഷണ ക്രമങ്ങളിലും മാറ്റം വരുത്തിയും നമ്മുടെ പരിസ്ഥിതിയും പ്രകൃതിയും സംരക്ഷിച്ചും ഒരുമിച്ച് മുന്നേറാം. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഇക്കാര്യത്തിൽ സഹകരിപ്പിക്കാം. ദൈവം നിങ്ങളെയെല്ലാവരേയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ എല്ലാവർക്കും ശ്ലൈഹികാശീർവ്വാദം നൽകിക്കൊണ്ട് നിറുത്തുന്നു.

എന്ന്,

**† മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**

ഇടുക്കി രൂപത മെത്രാൻ

(ഈ ഇടയലേഖനം ആഗസ്റ്റ് 9-ാം തിയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വായിക്കണം)

C. 24

## നീതി ഞായർ 2015

### ആഗസ്റ്റ് 16, ഞായർ

**കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

**കേരള നിയമസഭ ദലിത് ക്രൈസ്തവർക്കു ഭരണഘടനവിഭാവന ചെയ്തിട്ടുള്ള അവകാശങ്ങൾ നല്കുന്നതിനുള്ള പ്രമേയം പാസാക്കണം.**

യേശുക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

''നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ.... അവർക്കു സംതൃപ്തി ലഭിക്കും. നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ....അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും'' (മത്തായി 5:6-9).

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും പീഡനങ്ങൾ സഹിക്കുകയും ചെയ്യുകയാണ് ഭാരതത്തിലെ ദലിത് ക്രൈസ്തവസമൂഹം. പിറന്ന മണ്ണിൽ സഹോദരതുല്യം ജീവിക്കാനുള്ള നീതി നിഷേധിക്കപ്പെട്ട അവസ്ഥ തുടരുന്നു. ഭരണഘടന ഉറപ്പുതരുന്ന അവസരസമത്വവും തുല്യപരിഗണനയും ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ നമുക്ക് ലഭിക്കാതെ പോകുന്നു. അർഹമായ വിദ്യാഭ്യാസവും തൊഴിലും ആനുകൂല്യങ്ങളും ഭരണകാര്യങ്ങളിൽ പങ്കാളിത്തവും നിഷേധിക്കപ്പെടുന്നു. ഈ പ്രത്യേക പശ്ചാത്തലത്തിലാണ് ഈ വർഷം ആഗസ്റ്റ് 16-ാം തീയതി ''നീതിഞായർ'' ആചരിക്കുന്നത്. തികച്ചും പ്രതികൂലസാഹചര്യങ്ങളിലും തങ്ങൾക്ക് ലഭിച്ച വിശ്വാസത്തെ ദൈവത്തിന്റെ ദാനമായും സമ്പത്തായും കരുതി പ്രത്യാശയോടെ നീതിക്കുവേണ്ടി പോരാടുന്ന ദലിത് ക്രൈസ്തവരോടുള്ള ഐക്യദാർഢ്യം ഭാരതസഭ പ്രഖ്യാപിക്കുന്ന ദിവസവുമാണ് ''നീതിഞായർ''.

ഗോത്രവർഗങ്ങളെപ്പോലെ മതവ്യത്യാസമില്ലാതെ എല്ലാ ദലിത് വിഭാഗങ്ങളും സ്വതന്ത്രഭാരതത്തിൽ തുല്യമായ സംവരണാനുകൂല്യങ്ങൾ അനുഭവിച്ചിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10-ന് രാഷ്ട്രപതിയുടെ ഉത്തരവിലൂടെ ഹിന്ദുക്കളല്ലാത്ത ദലിതരെയെല്ലാം സംവരണത്തിനായുള്ള പട്ടികയിൽ നിന്ന് ഒഴിവാക്കി. ഭരണഘടനാവിരുദ്ധമായ പ്രസ്തുത ഉത്തരവിനെതിരെ അന്നുമുതൽ സമരങ്ങളും പ്രക്ഷോഭങ്ങളും ആരംഭിച്ചു. 1956-ൽ സിക്കുമതക്കാരായ ദലിതരെയും 1990-ൽ ബുദ്ധമതക്കാരായ ദലിതരെയും സംവരണപട്ടികയിൽ വീണ്ടും ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നല്കിവരുന്നു. ക്രൈസ്തവരും മുസ്ലീമുകളും ഇന്നും സംവരണ പട്ടികയിൽ നിന്നും പുറത്താണ്. മുസ്ലീമുകൾക്കുവേണ്ടി കേന്ദ്രസർക്കാർ നിയമിച്ച സച്ചാർ കമ്മിറ്റി നല്കിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിനാൽ അവരുടെ ജീവിതനിലവാരം കുറച്ചൊക്കെ മെച്ചപ്പെട്ടുവരുന്നു. ദലിത് ക്രൈസ്തവർക്കുവേണ്ടി രംഗനാഥമിശ്ര കമ്മീഷൻ സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ മുൻ സർക്കാരും ഇപ്പോഴത്തെ സർക്കാരും തയ്യാറായിട്ടില്ല. അതു നടപ്പിലാക്കണമെന്ന് പറയാൻ രാഷ്ട്രീയകക്ഷികൾ മടിക്കുകയാണ്. സുപ്രീം കോടതിയിൽ ദലിത് ക്രൈസ്തവർ നടത്തിവരുന്ന കേസുമായി ബന്ധപ്പെട്ട് സർക്കാർ അടിയന്തരമായി നല്കേണ്ട മറുപടിപോലും നല്കിയിട്ടില്ല.



ദലിത് ക്രൈസ്തവർക്ക് ഭരണഘടന അനുശാസിക്കുന്ന സംവരണാനുകൂല്യങ്ങൾ നല്കണമെന്ന് തമിഴ്നാട് നിയമസഭ ഏകകണ്ഠേന പ്രമേയം പാസാക്കിയിട്ടും രാഷ്ട്രീയപ്രബുദ്ധത അവകാശപ്പെടുന്ന കേരളനിയമസഭയ്ക്ക് ഒരു പ്രമേയം പാസാക്കാൻ സാധിച്ചിട്ടുമില്ല. ദലിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി സ്ഥാപിതമായിരിക്കുന്ന പരിവർത്തിത ശുപാർശിത വികസന കോർപ്പറേഷന് അർഹിക്കുന്ന ഫണ്ട് നീക്കിവയ്ക്കാൻ കേരളത്തിലെ ധനകാര്യവകുപ്പിനും സാധിക്കാതെ പോകുന്നു. ഇങ്ങനെയുള്ള അതിദാരുണമായ സാഹചര്യങ്ങൾ എല്ലാക്കാലത്തും ദലിത് ക്രൈസ്തവസമൂഹം അനുഭവിക്കുന്നു. അതുകൊണ്ടാണ് ദലിത് ക്രൈസ്തവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനും ഈ സമൂഹത്തിന്റെ പ്രശ്നങ്ങൾ പൊതുസമൂഹത്തിനെ അറിയിക്കുന്നതിനുമായി സ്വാതന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായർ ''നീതിഞായറാ''യി ആചരിക്കാൻ ഭാരത കത്തോലിക്കാ മെത്രാൻ സമിതി 1986-ൽ തീരുമാനമെടുത്തത്. ദലിത് ക്രൈസ്തവരുടെ ഭരണഘടനാപരമായ അവകാശം നേടിയെടുക്കാൻ

നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ!

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. ''നീതിഞ്ഞായർ ആചരണം'' ഓരോ രൂപതയിലേയും ഡി.സി.എം.എസ്-ന്റെ നേതൃത്വത്തിൽ ഇടവക-ഫെറോനാ രൂപതാതലത്തിൽ ആചരിക്കേണ്ടതാണ്. നീതിഞ്ഞായർ സഭയുടെ ആചരണത്തിന്റെ ഭാഗമായതുകൊണ്ടു തന്നെ എല്ലാ സംഘടനകളും സജ്ജീവമായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നീതിഞ്ഞായർ ആചരണത്തെക്കുറിച്ചുള്ള റിപ്പോർട്ട് സംസ്ഥാനഡയക്ടറുടെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്.

2. ''നീതിഞ്ഞായറി''നോട് അനുബന്ധിച്ച് സംസ്ഥാനതലത്തിൽ നാം ഡി.സി.എം.എസ് പ്രതിനിധി സമ്മേളനം ആഗസ്റ്റ് 29-ാംതീയതി തിരുവനന്തപുരത്തു വച്ച് നടത്തുകയാണ്. അതിനെ സംബന്ധിച്ച വിശദമായ അറിയിപ്പുകൾ നിങ്ങൾക്ക് നല്കുന്നതായിരിക്കും.

3. കേരള മെത്രാൻ സമിതിയുടെ തീരുമാനമനുസരിച്ച് ''നീതിഞ്ഞായർ'' കേരളത്തിലെ എല്ലാ ഇടവകകളിലും കാണിക്ക (സ്തോത്രകാഴ്ച) സ്വീകരിക്കേണ്ടതും ലഭിക്കുന്ന കാണിക്ക മുഴുവനും അതാതു രൂപതകളിലെ പ്രൊക്കുറേറ്ററെ ഏല്പിക്കേണ്ടതും രൂപതാധ്യക്ഷന്റെ അറിവോടെ പ്രൊക്കുറേറ്റർ Chairman, KCBC SC/ST/BC Commission,



Bishop's House, Punalur-691322, Kollam എന്ന വിലാസത്തിൽ ഇടവകകളിൽ നിന്നും ലഭിക്കുന്ന തുകയുടെ ചെക്ക് അയച്ചുതരുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുകയിൽ നിന്നാണ് നാം ദലിത് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നല്കുന്നത്.

4. കഴിഞ്ഞ ഒന്നരവർഷമായി ഡി.സി.എം.എസ്സിന്റെ ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട ജോസഫ് കുറ്റിക്കാട്ടിൽ (വിജയപുരം രൂപത) അച്ചൻ വിരമിച്ചതിനെ തുടർന്നു ബഹുമാനപ്പെട്ട ഷാജ്കുമാർ (നെയ്യാറ്റിൻകര രൂപത, ഫോൺ: 9496334466) അച്ചനെ ഡി.സി.എം.എസ്സ്-ന്റെ ഡയറക്ടറായി കേരള കത്തോലിക്കാ മെത്രാൻ സമിതി നിയമിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ജോസഫ് കുറ്റിക്കാട്ടിലച്ചന് നന്ദി പറയുന്നതോടൊപ്പം ബഹുമാനപ്പെട്ട ഷാജ്കുമാർ അച്ചനോട് ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

5. ഈ സർക്കുലർ ആഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും, അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് ജനങ്ങളെ ''നീതിഞ്ഞായർ'' ആഘോഷത്തിന് ഒരുക്കുന്നതു ഉചിതമായിരിക്കും. ബി.സി.സി. തലങ്ങളിൽ ദലിത് ക്രൈസ്തവർ ഇന്നനുഭവിക്കുന്ന സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് പഠനശിബിരങ്ങൾ സംഘടിപ്പിക്കുന്നതും ഉചിതമായിരിക്കും.

## രൂപതക്കച്ചേരി

## C. 73/15 Monthly Recollection for Priests

ജൂലൈ മാസത്തിലെ പഠന വിഷയം: ഇടുക്കി രൂപതാ നിയമാവലി 691-705 നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചു കൂടി വായിക്കുന്നു.

## C. 74/15 അഭിനന്ദനങ്ങൾ



ന്യൂഡെൽഹി ആസ്ഥാനമായുള്ള
ഇന്ത്യ ഇന്റർനാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റി,
സ്തുത്യർഹമായ സേവനങ്ങൾക്കും ശ്രദ്ധേയമായ
സാമൂഹിക ഇടപെടലുകൾക്കും നൽകുന്ന
**''ഭാരത് ഗൗരവ് അവാർഡ്''**
ലഭിച്ച ഇടുക്കി രൂപതാദ്ധ്യക്ഷൻ
**മാർ മാത്യു ആനിക്കുഴിക്കാട്ടിൽ** പിതാവിന്
രൂപതാ കുടുംബത്തിന്റെ
**അഭിനന്ദനങ്ങൾ**.



## C. 75/15 സമർപ്പിത വർഷം

**മേഖലാതല സമർപ്പിത-വൈദികസംഗമം**

പാറത്തോട്, വെള്ളത്തൂവൽ, കൂമ്പൻപാറ, രാജാക്കാട് ഫൊറോനകളിലെ എല്ലാ വൈദികരും സമർപ്പിതരും ഒന്നുചേരുന്ന സമർപ്പിതസംഗമം അടിമാലി ആത്മജ്യോതിയിൽ ആഗസ്റ്റ് 14-ന് നടക്കുന്നു. രാവിലെ 9.30-ന് വി. കുർബാനയോടുകൂടി ആരംഭിക്കുന്ന സമ്മേളനം ഉച്ചകഴിഞ്ഞ് 3.30-ന് സമാപിക്കുന്നതായിരിക്കും. ശ്രീ. അലക്സാണ്ടർ ജേക്കബ് IPS ആയിരിക്കും ക്ലാസ് നയിക്കുക.

## C. 76/15 പൗരോഹിത്യ ആദ്ധ്യാത്മികത: ധ്യാനചിന്തകൾ

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

### മിശിഹായിലുള്ള ജീവിതം

**(തിരുവചനഭാഗം: ലൂക്കാ 19,28-20,19)**

"ഈശോ ജറുസലേമിലേക്കു യാത്ര തുടർന്നു" എന്ന ആമുഖത്തോടെയാണ് ഈ വചനഭാഗം ആരംഭിക്കുന്നത്. ഈശോയുടെ യാത്രയുടെ ലക്ഷ്യം ജറുസലേമാണെന്ന് ഇതിലൂടെ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. ലൂക്കാ 9,51 മുതലുള്ള യാത്രാവിവരണത്തിനിടെ പല പ്രാവശ്യം ഇത് അനുസ്മരിപ്പിച്ചിട്ടുണ്ട് (9,51.56.57; 10,38; 13,22.33-35; 17,11; 18,31). ഈശോയുടെ ആരോഹണത്തിന്റെ നഗരമായ ജറുസലേം അവിടുന്ന് തന്റെ രക്ഷാകരദൗത്യം പൂർത്തിയാക്കുന്ന നഗരവുമാണ്. അവിടുത്തെ ആരോഹണത്തിനുശേഷം ശിഷ്യന്മാർ സുവിശേഷപ്രഘോഷണം ആരംഭിക്കുകയും അതിന്റെ ഫലമായി സഭയ്ക്കു തുടക്കംകുറിക്കുകയും ചെയ്യുന്ന നഗരവുമാണ്. ജറുസലേമിലേക്കുള്ള മിശിഹായുടെ ഔദ്യോഗികപ്രവേശനവും (19,28-40) അവിടുത്തെ സ്വീകരിക്കാത്ത നഗരത്തിന്റെ നാശത്തെക്കുറിച്ചുള്ള പ്രവചനവും (19,41-44) ജറുസലേം ദേവാലയശുദ്ധീകരണവും

(19,45-48) മിശിഹായുടെ അധികാരത്തെക്കുറിച്ചുള്ള പ്രസ്താവനയും (20,1-8) മുന്തിരിത്തോട്ടവും കൃഷിക്കാരും (20,9-19) എന്ന ഉപമയുമാണ് ഈ വചനഭാഗത്തിന്റെ ഉള്ളടക്കം.

ക്രിസ്തീയ പൗരോഹിത്യം ഒന്നേയുള്ളു. അത് നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യമാണ്: "മുൻകാലങ്ങളിൽ അനേകം പുരോഹിതന്മാരുണ്ടായിരുന്നു. എന്നാൽ ശുശ്രൂഷയിൽ തുടരാൻ മരണം അവരെ അനുവദിച്ചില്ല. ഈശോയാകട്ടെ എന്നേക്കും നിലനില്ക്കുന്നതുകൊണ്ട് അവന്റെ പൗരോഹിത്യം കൈമാറപ്പെടുന്നില്ല (ഹെബ്രാ 7,23-24). കൈമാറപ്പെടാത്ത മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന പുരോഹിതർക്ക് മിശിഹായെക്കൂടാതെ ഒരു ജീവിതമില്ല. മിശിഹായിലുള്ള ജീവിതത്തെക്കുറിച്ച് ഉൾക്കാഴ്ചകൾ നല്കുന്ന ഈ തിരുവചനഭാഗം പൗരോഹിത്യ ആദ്ധ്യാത്മികത ജീവിക്കുവാൻ സഹായകരമാകും.

**1. മിശിഹായെ സ്വീകരിക്കുന്ന ജീവിതം**

"*അവൻ പട്ടണത്തോടടുത്ത് ഒലിവുമലയുടെ ചരിവിനു സമീപത്തെത്തിയപ്പോൾ ശിഷ്യഗണം മുഴുവൻ സന്തോഷിച്ച് തങ്ങൾ കണ്ട എല്ലാ അത്ഭുതപ്രവൃത്തികളെയുംപറ്റി ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി. കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ, സ്വർഗത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ മഹത്ത്വം എന്ന് അവർ ആർത്തുവിളിച്ചു*" (19,37-38).

പരസ്യജീവിതകാലത്ത് താൻ മിശിഹായാണെന്ന് ഈശോ സ്വയം വെളിപ്പെടുത്തിയിട്ടുണ്ട്. തന്നെ വരാനിരിക്കുന്ന മിശിഹായായി തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യുവാൻ ഈശോ എല്ലാവരെയും ആഹ്വാനം ചെയ്തിട്ടുമുണ്ട്. "നീ മിശിഹായാണെങ്കിൽ ഞങ്ങളോടു വ്യക്തമായി പറയുക" (യോഹ 10,24) എന്ന് യഹൂദർ ആവശ്യപ്പെട്ടപ്പോൾ, "പിതാവു വിശുദ്ധീകരിച്ച് (അഭിഷേകം ചെയ്ത്) ലോകത്തിലേക്കയച്ച ദൈവപുത്രനാണ്" താൻ എന്ന് അവിടുന്നു വ്യക്തമായി പറഞ്ഞു(യോഹ 10,36). പക്ഷേ, യഹൂദർ ഒരിക്കലും ഈശോയെ മിശിഹായായി അംഗീകരിക്കുകയോ സ്വീകരിക്കുകയോ



ചെയ്തില്ല. ജറുസലേം നഗരപ്രവേശനം ഈ വസ്തുതയുടെ നാടകീയമായ ഒരു വിവരണമാണ്. താൻ യഥാർത്ഥത്തിൽ വരാനിരിക്കുന്ന മിശിഹായാണെന്ന് അവിടുന്ന് പരസ്യമായി പ്രഖ്യാപിക്കുകയാണ്. ജറുസലേം നഗരത്തിലേക്ക് തനിക്കു രാജാവായി എഴുന്നള്ളാൻ യോഗ്യതയുള്ള, ആരും ഒരിക്കലും കയറിയിട്ടില്ലാത്ത, ഒരു കഴുതക്കുട്ടിയെ കൊണ്ടുവരാൻ രണ്ടു ശിഷ്യന്മാരെ ഈശോ അയയ്ക്കുന്നു (19,29-34). രാജാക്കന്മാർക്കു യാത്ര ചെയ്യാനുള്ള മൃഗങ്ങൾ മറ്റാരും ഉപയോഗിച്ചിട്ടില്ലാത്തവയായിരിക്കണം (സംഖ്യ 19,2; നിയ 21,3; 1 സാമു 6,7). അത് കെട്ടപ്പെട്ട കഴുതക്കുട്ടിയായിരിക്കണം. ഇത് യൂദായുടെ അനുഗ്രഹമായി യാക്കോബ് പ്രവചിച്ചതാണ് (ഉല്പ 49,11). 'കഴുതക്കുട്ടിയുടെ പുറത്തുകയറി സീയോന്റെ രാജാവ് എഴുന്നള്ളിവരുന്നതി'നെക്കുറിച്ച് സഖറിയാപ്രവാചകനും പ്രവചിച്ചിട്ടുണ്ട് (സഖ 9,9). യൂദാവംശജനായ മിശിഹായ്ക്കുവേണ്ടി ദൈവം നേരത്തെ കരുതിയതും ഗോത്രപിതാവായ യൂദാ കെട്ടിയതും പ്രവാചകൻ മുൻകൂട്ടി അറിയിച്ചതുമായ കഴുതക്കുട്ടിയുടെ പുറത്തുകയറിയാണ് ഈശോ ജറുസലേം പ്രവേശനം നടത്തുന്നത്. ഈശോയെ സ്വീകരിക്കുവാൻ ശിഷ്യർ ചെയ്യുന്ന പ്രവൃത്തികളും അവിടുത്തെ മിശിഹാരാജത്വത്തെ വെളിപ്പെടുത്തുന്നവയാണ്. അവർ കഴുതക്കുട്ടിയുടെ പുറത്ത് വിലകൂടിയതും വിലപ്പെട്ടതുമായ വസ്ത്രങ്ങൾ വിരിച്ച് ഈശോയെ അതിന്റെ പുറത്തിരുത്തി (19,35). സോളമനെ രാജാവായി അഭിഷേകം ചെയ്യാൻ ദാവീദ് നിർദ്ദേശിച്ചപ്രകാരം പുരോഹിതൻ സാദോക്കും പ്രവാചകൻ നാഥാനും ചേർന്ന് കോവർകഴുതയുടെ പുറത്തിരുത്തി ആനയിച്ചു (1 രാജാ 1,33-34.38).

ശിഷ്യഗണത്തിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഒരു പ്രത്യുത്തരമാണ് മിശിഹായും രാജാവുമായ ഈശോയ്ക്കു ലഭിക്കുന്നത്. "ശിഷ്യഗണം മുഴുവൻ സന്തോഷിച്ച് തങ്ങൾ കണ്ട എല്ലാ അത്ഭുതപ്രവൃത്തികളെയുംപറ്റി ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി. കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ, സ്വർഗത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ മഹത്ത്വം എന്ന് അവർ ആർത്തുവിളിച്ചു" (19,37-38). രക്ഷകനായി ജനിച്ച മിശിഹായുടെ സദ്വാർത്ത അറിയിക്കപ്പെട്ടപ്പോൾ സ്വർഗീയസൈന്യം ദൈവ

ദൂതരോടു ചേർന്ന് ദൈവത്തെ സ്തുതിച്ചുപാടിയ പാട്ടിനു സമാന്തരമാണ് ഇത്. ശിഷ്യഗണം ഈശോയെ രക്ഷകനായ മിശിഹായും രാജാവുമായി സ്വീകരിക്കുന്നു എന്നാണ് ഇവയെല്ലാം വ്യക്തമാക്കുന്നത്. ഫരിസേയർ ഇതിനെ എതിർത്തപ്പോൾ ശിഷ്യരെ ന്യായീകരിച്ചുകൊണ്ട് ഈശോ പ്രതികരിക്കുകയും ചെയ്യുന്നു (19,39-40). മിശിഹാശിഷ്യത്വം ജീവിക്കുവാൻ വിളിക്കപ്പെട്ട പുരോഹിതർ മിശിഹായെ തങ്ങളുടെ ജീവിതത്തിലേക്ക് സ്വാഗതം ചെയ്യുന്നവരായിരിക്കണം. തന്നെ സ്വീകരിക്കുന്നവർക്കാണ് ദൈവമക്കളാകാൻ ഈശോ അവകാശം നല്കുന്നത് (യോഹ 1,12). മിശിഹായുമായി ക്രിയാത്മകമായ ബന്ധം പുലർത്തുന്നവരായിരിക്കണം മിശിഹായുടെ പുരോഹിതന്മാർ.

**2. മിശിഹായിൽ വിശ്വസിക്കുന്ന ജീവിതം**

"*അവൻ അടുത്തുവന്ന് പട്ടണം കണ്ടപ്പോൾ അതിനെക്കുറിച്ചു വിലപിച്ചുകൊണ്ടു പറഞ്ഞു: സമാധാനത്തിനുള്ള മാർഗങ്ങൾ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ! എന്നാൽ, അവ ഇപ്പോൾ നിന്റെ ദൃഷ്ടിയിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു*" (19,41-42).

ശിഷ്യഗണം മിശിഹായ്ക്ക് ക്രിയാത്മകമായ പ്രത്യുത്തരം നല്കിയപ്പോൾ ഫരിസേയർ നിഷേധാത്മകമായ പ്രത്യുത്തരമാണ് നല്കിയത്. മിക്ക ഫരിസേയരും പരസ്യജീവിതകാലത്ത് മിശിഹായെ എതിർക്കുന്നതായിട്ടാണ് കാണുന്നത്. ഈശോ തന്റെ മിശിഹാത്വവും രാജത്വവും ആഘോഷമായി വെളിപ്പെടുത്തുന്ന ഈ സന്ദർഭത്തിലും ഇതുതന്നെ സംഭവിക്കുന്നു. ആഘോഷഗാനം പാടരുതെന്നും ശിഷ്യരെ ശാസിക്കണമെന്നും അവർ ഈശോയോട് ആവശ്യപ്പെടുന്നു. എന്നാൽ ഈശോ അധികാരപൂർവം മറുപടി പറയുന്നു: "ഇവർ മൗനം പാലിച്ചാൽ ഈ കല്ലുകൾ ആർപ്പുവിളിക്കും എന്ന് ഞാൻ നിങ്ങളോടു പറയുന്നു" (19,40). 'ഈ കല്ലുകൾ' എന്നു പറയുന്നത് ദൈവാലയനാശത്തിന്റെ അടയാളമായിത്തീർന്ന കല്ലുകളായിരിക്കാം: "ശത്രുക്കൾ ... നിന്നെയും നിന്റെ മക്കളെയും നശിപ്പിക്കുകയും നിന്നിൽ കല്ലിന്മേൽ കല്ലു ശേഷിക്കാതിരിക്കുകയും ചെയ്യും. എന്തെന്നാൽ നിന്റെ സന്ദർശനദിനം നീ അറിഞ്ഞില്ല" (19,43-44). മിശിഹായെ സ്വീകരിക്കാതിരുന്നതിന്റെ ഫലമായി ജറുസലേം നഗരത്തിനും ദൈവാലയത്തിനുമുണ്ടാകുവാൻ പോകുന്ന നാശത്തെയാണ് ഇതു



സൂചിപ്പിക്കുന്നത്. ജറുസലേമിന്റെ നാശം ഈശോയുടെ മിശിഹാത്വത്തിനും രാജത്വത്തിനുമുള്ള ഒരു ശാശ്വതസാക്ഷ്യമായിത്തീർന്നിരിക്കുകയാണ്. മിശിഹായെ സ്വീകരിക്കുന്നത് രക്ഷാകരമായ സമാധാനത്തിനും ദൈവമഹത്ത്വത്തിനും കാരണമാകുന്നുവെങ്കിൽ അവിടുത്തെ തിരസ്കരിക്കുന്നത് ശിക്ഷയ്ക്കും നാശത്തിനും കാരണമാകുമെന്ന് ഇവിടെ വ്യക്തമാക്കുകയാണ്.

ഈശോയുടെ വിലാപം ഈ സന്ദർഭത്തിൽ മാനസാന്തരത്തിനും വിശ്വാസത്തിനുമുള്ള ക്ഷണമാണ്: "സമാധാനത്തിനുള്ള മാർഗങ്ങൾ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ!" എന്ന് ഈശോ പറയുന്നു (19,42). പരസ്യജീവിതത്തിലുടനീളം ഈശോ ആവശ്യപ്പെട്ടിരുന്ന മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കുമുള്ള ക്ഷണം ഈശോ അവസാനമായി ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. ജറുസലേമിനെ അമ്മയും കുഞ്ഞുമായി സങ്കല്പിക്കുന്നു (19,44). "കാലം വരുന്നു" എന്ന വാക്യം വിധിയെ സൂചിപ്പിക്കുന്നു. ജറുസലേമിനെതിരെയുള്ള വിധി പഴയനിയമചിത്രങ്ങളിലൂടെ അവതരിപ്പിക്കുകയാണ്. പട്ടണം വളയുന്നതിനെപ്പറ്റിയും (ഏശ 29,3) മക്കളുടെ മരണത്തെപ്പറ്റിയും (സങ്കീ 136,10; നാഹും 3,10) കെട്ടിടത്തിന്റെ നാശത്തെക്കുറിച്ചും (2 സാമു 17,13) പ്രവാചകവാക്കുകളിൽ പരാമർശിക്കുകയാണ് "കല്ലിന്മേൽ കല്ലു ശേഷിക്കാതെ" എന്ന ശൈലി പട്ടണത്തിന്റെ പൂർണ്ണനാശത്തെ സൂചിപ്പിക്കുന്നു. ഇവയെല്ലാം സംഭവിക്കാൻ കാരണം "നിന്റെ സന്ദർശനത്തിന്റെ കാലം നീ അറിഞ്ഞില്ല" എന്നതാണ്. ഈശോയുടെ ജറുസലേം സന്ദർശനം ദൈവത്തിന്റെ കാരുണ്യാതിരേകംകൊണ്ട് ഉന്നതങ്ങളിൽനിന്നുള്ള ഉദയരശ്മിയുടെ -രക്ഷകന്റെ- സന്ദർശനമായിരുന്നു (1,78); സമാധാനത്തിന്റെ മാർഗങ്ങളിലേക്ക് ജറുസലേമിന്റെ പാദങ്ങളെ നയിക്കാനുള്ളതായിരുന്നു (1,79). പക്ഷേ, ജറുസലേം അത് തിരിച്ചറിഞ്ഞില്ല. ഈശോയുടെ കരച്ചിൽ ദൈവത്തിന്റെ കരച്ചിലാണ്. കാരണം, ഈശോ ദൈവവും മനുഷ്യനുമാണ്. മാനസാന്തരപ്പെടാത്ത മനുഷ്യനു മുമ്പിൽ ദൈവം കരയും. സ്വാതന്ത്ര്യം നല്കി മനുഷ്യനെ സൃഷ്ടിച്ചതുകൊണ്ട്, മനുഷ്യന്റെ മുമ്പിൽ ദൈവംപോലും നിസ്സഹായനാകും. ഈശോയിലൂടെ ദൈവം തന്റെ രക്ഷയിലേക്കും സമാധാനത്തിലേക്കും നമ്മെ നിരന്തരം ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. ഈ ക്ഷണം തിരിച്ചറിഞ്ഞ്

അത് സ്വീകരിച്ച് പ്രത്യുത്തരിക്കുന്നതാണ് മാനസാന്തരവും വിശ്വാസവും. ഇപ്രകാരം നിരന്തരമായ മാനസാന്തരത്തിന്റെയും വിശ്വാസത്തിന്റെയും ജീവിതം നയിക്കുവാൻ പുരോഹിതർക്കു കഴിയണം. തങ്ങൾ ശുശ്രൂഷ ചെയ്യുന്ന സമൂഹത്തെ അതിനായി പരിശീലിപ്പിക്കുകയും വേണം.

**3. മിശിഹായിൽ ആരാധിക്കുന്ന ജീവിതം**

"*അനന്തരം അവൻ ദൈവാലയത്തിൽ പ്രവേശിച്ച്, അവിടെ കച്ചവടം നടത്തിക്കൊണ്ടിരുന്നവരെ പുറത്താക്കാൻ തുടങ്ങി. അവൻ അവരോടു പറഞ്ഞു: എന്റെ ആലയം പ്രാർത്ഥനാലയം എന്ന് എഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ അതിനെ കവർച്ചക്കാരുടെ ഗുഹയായി മാറ്റിയിരിക്കുന്നു*" (19,45-46).

ഈശോ ദൈവാലയത്തിൽ പ്രവേശിച്ച് അതു ശുദ്ധീകരിക്കുന്നു. ദൈവാലയത്തിന്റെ അധികാരികൾ അനുവദിച്ച് അവിടെ കച്ചവടം നടത്തിക്കൊണ്ടിരുന്നവരെ ഈശോ പുറത്താക്കി. ദൈവാലയത്തിൽ ബലിയർപ്പണത്തിനാവശ്യമായിരുന്ന മൃഗങ്ങളെയും പക്ഷികളെയുമാണ് അവിടെ വ്യാപാരം ചെയ്തിരുന്നത്. വലിയ നാണയങ്ങളും വിദേശനാണയങ്ങളുമായി വരുന്നവർക്ക് ദൈവാലയത്തിൽ കൊടുക്കാൻവേണ്ട നാണയം മാറ്റിക്കൊടുക്കുന്നവരായിരുന്നു നാണയമാറ്റക്കാർ. ഇവയൊക്കെ ദൈവാലയപരിസരത്ത് ആവശ്യവുമായിരുന്നു. ഇത്തരം കച്ചവടത്തിനു കൊടുത്തിരുന്നത് ദൈവാലയത്തിൽ വിജാതീയർക്കുവേണ്ടി മാറ്റിവച്ചിരുന്ന സ്ഥലമാണ്. അതു മുഴുവൻ കച്ചവടതാല്പര്യവും അമിതമായ പണക്കൊതിയുംമൂലം കൊള്ളലാഭം ലക്ഷ്യമാക്കി പ്രധാനപുരോഹിതന്മാർ കച്ചവടത്തിനു കൊടുത്തു. ഈ സ്ഥിതിവിശേഷമാണ് ഇപ്രകാരമൊരു ശുദ്ധീകരണത്തിന് പശ്ചാത്തലമൊരുക്കിയത്. ദൈവാലയം അശുദ്ധമാക്കുന്നതിനെതിരെ പഴയനിയമത്തിൽ പ്രവാചകന്മാർ പ്രകടിപ്പിച്ചിട്ടുള്ള എതിർപ്പിന്റെ തുടർച്ചയായിരുന്നു ഈശോയുടെ പ്രവൃത്തി. ദൈവാലയം അശുദ്ധമാക്കുന്നവർക്കെതിരെ ശക്തമായി പ്രതിഷേധിച്ച പ്രവാചകന്മാരാണ് ഏശയ്യായും ജറെമിയായും. അതുകൊണ്ട് അവരുടെ വാക്കുകൾകൊണ്ട് ഈശോ തന്റെ പ്രവൃത്തിയെ നീതീകരിക്കുന്നു. ഈശോയുടെ പ്രവാചകവ്യക്തിത്വം ഇതിലൂടെ വെളിപ്പെടുത്തുന്നു



ണ്ട്. പുതിയനിയമ പൗരോഹിത്യത്തിന്റെ പ്രവാചകസ്വഭാവവും ഇതിലൂടെ വെളിപ്പെടുന്നുണ്ട്.

സർവോപരി, മിശിഹായിൽ പടുത്തുയർത്തപ്പെടുന്ന പുതിയനിയമ ആരാധനയെ ഇവിടെ പ്രത്യേകം എടുത്തുകാണിക്കുന്നുണ്ട്. "എന്റെ ആലയം പ്രാർത്ഥനാലയം എന്ന് എഴുതപ്പെട്ടിരിക്കുന്നു" (19,46) എന്നുള്ള ഈശോയുടെ വാക്കുകൾ ഇതിലേക്കു വിരൽചൂണ്ടുന്നവയാണ്. "എന്റെ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയമെന്ന് അറിയപ്പെടും" (ഏശ 56,7) എന്ന ഏശയ്യാപ്രവാചകന്റെ വാക്കുകളെയാണ് ഈശോയുടെ വാക്കുകൾ ഓർമ്മിപ്പിക്കുക. ഈശോയിലൂടെ യാഥാർത്ഥ്യമാകാനിരിക്കുന്ന പുതിയനിയമ ആരാധനയെയാണ് ഇവിടെ വിവക്ഷിക്കുക. സമറിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണവേളയിൽ ഈ ആരാധനയുടെ സ്വഭാവം ഈശോ വ്യക്തമാക്കുന്നുണ്ട്: "ഈശോ പറഞ്ഞു: സ്ത്രീയേ, എന്നെ വിശ്വസിക്കുക. ഈ മലയിലോ ജറുസലേമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു. ... യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്" (യോഹ 4,21-23). ദൈവം പിതാവാണെന്നുള്ളത് ഈശോയുടെ വെളിപ്പെടുത്തലിന്റെ മുഖ്യപ്രമേയമാണ്. പിതാവാണ് ആരാധനയുടെ വിഷയം. പിതാവിനെ ആരാധിക്കേണ്ടത് പുത്രനിലൂടെയും (സത്യത്തിലും) പരിശുദ്ധാത്മാവിലും (ആത്മാവിലും) ആണെന്ന് ഈശോ വ്യക്തമായി പറയുകയാണ്. ത്രിത്വാത്മകവും മിശിഹാകേന്ദ്രീകൃതവുമായ ഈ സാർവത്രികമായ ആരാധന നടപ്പിൽ വരുത്തുന്നവനാണ് താൻ എന്ന് ഈ സന്ദർഭത്തിൽ ഈശോ പ്രഖ്യാപിക്കുകയാണ്. ദൈവാലയശുദ്ധീകരണത്തിനുള്ള ഈശോയുടെ അധികാരത്തിന്റെ അടയാളമായി ഈശോ പ്രഖ്യാപിച്ചത് ഈ മിശിഹാകേന്ദ്രീകൃതമായ ആരാധനയാണ്: "നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും" (യോഹ 2,19). പരിശുദ്ധ കുർബാനയർപ്പണത്തിലാണ് ഈ ആരാധന അതിന്റെ പൂർണതയിൽ യാഥാർത്ഥ്യമാകുന്നത്. ത്രിത്വകൂട്ടായ്മയിലുള്ള ക്രിസ്തീയജീവിതത്തിന്റെ ഏറ്റവും വലിയ പ്രകാശനവും ശക്തിയുടെ ഉറവിടവുമാണ് പരിശുദ്ധ കുർബാനയാകുന്ന ഈ ആരാധന. ക്രിസ്തീയ പൗരോഹിത്യത്തിന്റെ അവശ്യ

ധർമ്മമാണല്ലോ പരിശുദ്ധ കുർബാനയർപ്പണം. പൗരോഹിത്യശുശ്രൂഷയുടെ അത്യുച്ചിയും പരിശുദ്ധ കുർബാനയർപ്പണംതന്നെയാണ്. പരിശുദ്ധ കുർബാനയർപ്പണം ക്രിസ്തീയകൂട്ടായ്മയുടെ ആഘോഷമാക്കിത്തീർത്തുകൊണ്ട് മിശിഹായിലുള്ള യഥാർത്ഥ ആരാധന അന്വർത്ഥമാക്കാൻ പുരോഹിതൻ പ്രത്യേകം ശ്രദ്ധിക്കണം.

**4. മിശിഹായുടെ ആധികാരിക പ്രബോധനം നല്കുന്ന ജീവിതം**

“*ഒരു ദിവസം അവൻ ദൈവാലയത്തിൽ ജനങ്ങളെ പഠിപ്പിക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, പുരോഹിതപ്രമുഖന്മാരും നിയമജ്ഞരും ജനപ്രമാണികളോടുകൂടെ അവന്റെ അടുത്തുവന്നു. അവർ അവനോടു പറഞ്ഞു: എന്തധികാരത്താലാണ് നീ ഇതൊക്കെ ചെയ്യുന്നത്, അഥവാ നിനക്ക് ഈ അധികാരം നല്കിയതാരാണ് എന്നു ഞങ്ങളോടു പറയുക*” (20,1-2).

ഈശോ ജറുസലേം ദൈവാലയം ശുദ്ധീകരിച്ചതിനുശേഷം ദിവസവും അതിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. എതിർപ്പുണ്ടായിരുന്ന പുരോഹിതപ്രമുഖന്മാർക്കും നിയമജ്ഞർക്കും ജനപ്രമാണികൾക്കും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കാരണം, ജനങ്ങളെല്ലാം അവന്റെ വാക്കുകളിൽ മുഴുകി അവനെ വിട്ടുപോകാതെ നിന്നു എന്ന് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നു (ലൂക്കാ 19,47-48). ദൈവാലയം മിശിഹായുടെ പ്രബോധനത്തിനുള്ള വേദികൂടിയാണ് എന്ന് ഇതു സൂചിപ്പിക്കുന്നു. മിശിഹായുടെ പ്രബോധനം ദൈവിക ആധികാരികതയുള്ള പ്രബോധനമാണെന്നും ഈ സന്ദർഭത്തിൽ വ്യക്തമാക്കുന്നുണ്ട് (ലൂക്കാ 20,1-8). ദൈവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ എതിരാളികൾ “എന്തധികാരത്താലാണ് നീ ഇതൊക്കെ ചെയ്യുന്നത്, അഥവാ നിനക്ക് ഈ അധികാരം നല്കിയതാരാണ് എന്നു ഞങ്ങളോടു പറയുക” (20,2) എന്ന് ഈശോയോട് ആവശ്യപ്പെട്ടു. സുവിശേഷത്തിലുടനീളം ഈശോയും (4,32.36; 5,24) പിന്നീട് ആദിമസഭയിൽ ശ്ലീഹന്മാരും (നട 4,7) നേരിട്ട ഒരു പ്രശ്നമാണ് ഇത്. ഇന്നും സഭയുടെ പ്രബോധനത്തിന്റെ ആധികാരികത പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്. അവരുടെ ചോദ്യത്തിന് ഈശോ നേരെ മറുപടി പറയുന്നില്ല. സ്നാപകയോഹന്നാന്റെ ആധികാരികതയെക്കുറിച്ച് ഒരു മറുചോദ്യം ചോദിച്ചുകൊണ്ടാണ് ഈശോ മറുപടി പറയുന്നത്. അതിലൂടെ, യോഹന്നാന്റെ സ്നാനത്തിന്റെ സ്രോതസ്സായ ദൈവത്തിൽനിന്നുതന്നെയാണ് തന്റെ അധികാരവുമെന്ന് ഈശോ സമർത്ഥിച്ചു. മിശിഹായുടെ ആധികാരികതയാണ് പുരോഹിതന്റെ പ്രബോധനത്തിനുള്ളതും, ഉണ്ടാകേണ്ടതും. അത് ഉറപ്പുവരുത്തുവാനുള്ള മാർഗം മിശിഹായുടെ ശരീരമാകുന്ന സഭയോടുള്ള പൂർണ്ണമായ കൂട്ടായ്മയിൽ വചനശുശ്രൂഷ നിർവഹിക്കുന്നതാണ്.



ഈശോയുടെ പ്രബോധനത്തെപ്പറ്റി ലൂക്കാസുവിശേഷകൻ ഇപ്രകാരം പറയുന്നു: “ഒരു ദിവസം അവൻ ദൈവാലയത്തിൽ ജനങ്ങളെ പഠിപ്പിക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ...” (20,1). ഇവിടെ രണ്ടു തരത്തിലുള്ള പ്രബോധനങ്ങളെപ്പറ്റി സുവിശേഷകൻ പറയുന്നു: 1. ‘പഠിപ്പിക്കുക’, 2. ‘സുവിശേഷം പ്രസംഗിക്കുക’. പഠിപ്പിക്കുക’ എന്നതിന് ‘ഡിഡാസ്കെയിൻ’ എന്ന വാക്കും ‘പ്രസംഗിക്കുക’ എന്നതിന് ‘കെരൂസെയിൻ’ എന്ന വാക്കുമാണ് സുവിശേഷകന്മാർ ഉപയോഗിക്കുന്നത്. പിന്നീട് സഭയുടെ പ്രബോധനശുശ്രൂഷയിൽ ‘പ്രബോധനം’ (ഡിഡാക്കേ) എന്നും ‘പ്രസംഗം’ (കെരിഗ്മ) എന്നും രണ്ടു വിധത്തിലുള്ള ശുശ്രൂഷകൾ ഉണ്ടായതിന്റെ അടിസ്ഥാനവും ഈ സുവിശേഷപാരമ്പര്യമായിരിക്കണം. രണ്ടും പ്രാധാന്യമർഹിക്കുന്നവയാണ്. പ്രസംഗം (കെരിഗ്മ) മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കുമുള്ള ക്ഷണം ഉൾക്കൊള്ളുന്നു. പ്രബോധനം (ഡിഡാക്കേ) വിശ്വാസജീവിതത്തിന്റെ വിശദാംശങ്ങൾ പഠിപ്പിക്കുന്നു. മനുഷ്യൻ പാപബദ്ധമായ പ്രകൃതിയുള്ളവനായതുകൊണ്ട് സുവിശേഷപ്രഘോഷണം വിശ്വാസജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും നടന്നുകൊണ്ടിരിക്കണം. അതുപോലെതന്നെ മനുഷ്യജീവിതത്തിലും സാഹചര്യങ്ങളിലും വളർച്ചയും മാറ്റങ്ങളുമുണ്ടാകുന്നതുകൊണ്ട് പ്രബോധനവും നിരന്തരം നടന്നുകൊണ്ടിരിക്കണം. പുരോഹിതശുശ്രൂഷയുടെ പ്രഥമദൗത്യമായി വിശേഷിപ്പിക്കപ്പെടുന്നത് പ്രബോധനദൗത്യമാണ് (ജഛ 4). ഈ ദൗത്യനിർവഹണത്തിന്റെ ഏറ്റം ശ്രേഷ്ഠമായ വേദി സഭയുടെ വചനശുശ്രൂഷാവേദിയാണ്. നമ്മുടെ വചനശുശ്രൂഷകൾ പ്രസംഗവും പ്രബോധനവും ഉൾക്കൊള്ളുന്നവയാണ് എന്നു നാം ഉറപ്പുവരുത്തണം. അപ്രകാരം, മിശിഹായുടെ ആധികാരികതയോടും പ്രഘോഷണപ്രബോ

ധനസവിശേഷതകളോടുംകൂടി വചനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു കഴിയണം.

**5. മിശിഹായോടു വിശ്വസ്തത പുലർത്തുന്ന ശുശ്രൂഷാജീവിതം**

*"ഈശോ അവരെ നോക്കിക്കൊണ്ടു പറഞ്ഞു: പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നതെന്താണ്? ആ കല്ലിന്മേൽ നിപതിക്കുന്ന ഏതൊരുവനും തകരും. അത് ആരുടെമേൽ പതിക്കുന്നുവോ അവനെ അതു ധൂളിയാക്കും"* (20,17-18).

മുന്തിരത്തോട്ടത്തിന്റെയും കൃഷിക്കാരുടെയും ഉപമയിൽ ഈശോ ജനങ്ങളും ജനനേതാക്കളും തമ്മിലുള്ള വേർതിരിവു സൂചിപ്പിക്കുന്നുണ്ട്: "അവൻ ജനങ്ങളോട് ഈ ഉപമ പറഞ്ഞു" (20,9). നല്ല മനസ്സുള്ള ഈ ജനം ദൈവജനത്തെ പ്രതിനിധീകരിക്കുന്നു. പഴയനിയമ ദൈവജനം ഇസ്രായേൽ ആണെങ്കിൽ, പുതിയനിയമ ദൈവജനം സഭയാണ്. ഉപമയിലെ മുന്തിരിത്തോട്ടം ഈ ദൈവജനവും കൃഷിക്കാർ ദൈവജനനേതൃത്വശുശ്രൂഷ നിർവഹിക്കുന്നവരുമാണ്. ഏശയ്യാപ്രവാചകന്റെ കാലം മുതൽ മുന്തിരിത്തോട്ടം ദൈവജനമായ ഇസ്രായേലിനെ സൂചിപ്പിക്കുന്നുണ്ട് (ഏശ 5,1-7; ജറെ 12,10). ഓഹരി ലഭിക്കുവാൻ അയയ്ക്കപ്പെടുന്ന ഭൃത്യന്മാർ പ്രവാചകന്മാരെ പ്രതിനിധീകരിക്കുന്നു. മാനസാന്തരത്തിനു യോജിച്ച ഫലങ്ങളുടെ വീതം വാങ്ങുവാൻ അയയ്ക്കപ്പെട്ട പ്രവാചകനിരയിലെ അവസാന വ്യക്തിയാണ് സ്നാപകയോഹന്നാൻ (3,8). അവസാനം ഉടമസ്ഥൻ അവകാശിയായ തന്റെ പ്രിയപുത്രനെത്തന്നെ (ഈശോമിശിഹായെ) അയച്ചു (3,22; 9,35). അവനും വന്ന് മാനസാന്തരപ്പെടാൻ അവരെ ആഹ്വാനംചെയ്തു. ഇല്ലെങ്കിൽ ഉണ്ടാകാവുന്ന വിപത്തും വിളിച്ചറിയിച്ചു (11,29-32.47-51; 13,1-9; 19,41-44). അവർ അവനെ ശ്രവിച്ചില്ലെന്നു മാത്രമല്ല തോട്ടത്തിനു വെളിയിൽ, ജറുസലേം നഗരത്തിനുപുറത്ത്, കൊണ്ടുപോയി വധിക്കുകയും ചെയ്തു (യോഹ 19,17; ഹെബ്രാ 13,12). ഇസ്രായേലിന്റെ ദുഷ്പ്രവൃത്തി നിമിത്തം ദൈവത്തിന്റെ പദ്ധതി പരാജയപ്പെടുകയില്ല. ദൈവം തന്റെ മുന്തിരിത്തോട്ടം മറ്റാളുകളെ ഏല്പിച്ചു. പുതിയ ദൈവജനമായ സഭയെ പടുത്തുയർത്തി. പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് മൂലക്കല്ലായി ഇട്ടുകൊണ്ടാണ്



സഭയെ ദൈവം പടുത്തുയർത്തിയത്. മരണത്തിൽനിന്നും ഉത്ഥാനംചെയ്ത ഈശോയെ മൂലക്കല്ലാക്കിയാണ് ദൈവം സഭയെ പടുത്തുയർത്തിയത് (1 പത്രോ 2,6; നട 4,11).

മിശിഹായാകുന്ന മൂലക്കല്ലിൽ പടുത്തുയർത്തപ്പെട്ട സഭയുടെ അടിത്തറ ശ്ലീഹന്മാരാണ് (എഫേ 2,20). സഭയാകുന്ന മുന്തിരിത്തോട്ടം ഏല്പിക്കപ്പെട്ടിരിക്കുന്നത് സഭയിൽ ശ്ലൈഹികശുശ്രൂഷ നിർവഹിക്കുന്ന കൃഷിക്കാരെയാണ്. സഭയിൽ നേതൃത്വശുശ്രൂഷ നിർവഹിക്കുന്നവരാണല്ലോ ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരും അവരുടെ കൂട്ടായ്മയിൽ വർത്തിക്കുന്ന പുരോഹിതഗണവും. മാനസാന്തരത്തിന്റെയും വിശ്വാസത്തിന്റെയും നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്ന ദൈവജനമായി സഭയെ പടുത്തുയർത്തുവാനുള്ള ശുശ്രൂഷയാണ് സഭാനേതൃത്വത്തിന്റേത്. ഇതു സാദ്ധ്യമാകണമെങ്കിൽ മൂലക്കല്ലായ മിശിഹായോട് വിശ്വസ്തത പുലർത്തുന്ന ശുശ്രൂഷകരാവണം. ശ്ലീഹന്മാരുടെ മിശിഹാനുഭവത്തിൽ അധിഷ്ഠിതമായ സഭയുടെ വിശ്വാസപൈതൃകത്തോട് വിശ്വസ്തത പുലർത്തുന്നതിലൂടെയാണ് മൂലക്കല്ലായ മിശിഹായോട് വിശ്വസ്തത പുലർത്തുന്ന ശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർക്കു കഴിയുന്നത്. സഭയുടെ വിശ്വാസപൈതൃകം പ്രായോഗികമായി സ്ഥിതിചെയ്യുന്നത് സഭയുടെ ആരാധനക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ശിക്ഷണക്രമം എന്നിവയിലാണ്. ഇവയോടു വിശ്വസ്തത പുലർത്തുന്ന ജീവിതം നയിക്കുവാൻ ദൈവജനത്തെ പരിശീലിപ്പിക്കുന്ന നേതൃത്വശുശ്രൂഷ നിർവഹിച്ചുകൊണ്ട് സഭയിൽ ശുശ്രൂഷ ചെയ്യുവാൻ പുരോഹിതർക്കു കഴിയണം. അപ്രകാരം ശുശ്രൂഷ ചെയ്യണമെങ്കിൽ പുരോഹിതർതന്നെ സഭയുടെ വിശ്വാസപൈതൃകത്തിനനുസൃതമായ ആദ്ധ്യാത്മികജീവിതം നയിക്കുന്നവരായിരിക്കണം.

**ജീവിതസൂചിക**

1. ഈശോയെ മിശിഹായും രക്ഷകനുമായി സ്വീകരിക്കുകയും, അവിടുത്തോട് ഊഷ്മളമായ സ്നേഹബന്ധം പുലർത്തുകയും ചെയ്യുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

2. ഈശോമിശിഹായിലൂടെ ദൈവം നല്കുന്ന ക്ഷണം തിരിച്ചറിഞ്ഞ്

നിരന്തരമായ മാനസാന്തരത്തിന്റെയും വിശ്വാസത്തിന്റെയും ജീവിതം നയിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

3. ക്രിസ്തീയകൂട്ടായ്മയുടെ ആഘോഷവും ശക്തിയുടെ ഉറവിടവുമായി പരിശുദ്ധ കുർബാനയർപ്പിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ? ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?

4. സഭാകൂട്ടായ്മയിലും പ്രഘോഷണപ്രബോധനസവിശേഷതകളോടുംകൂടെയും വചനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

5. സഭയുടെ വിശ്വാസപൈതൃകത്തിനനുസൃതമായ ആദ്ധ്യാത്മിക ജീവിതം നയിച്ച് മിശിഹായോട് വിശ്വസ്തത പുലർത്തുന്ന സഭാശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

## ക്രിസ്തുജ്യോതി വിശ്വാസപരിശീലന കേന്ദ്രം

**CJ. 54/15 സ്റ്റഡിഫോറം**

ആഗസ്റ്റ് മാസത്തിലെ സ്റ്റഡിഫോറം വിഷയം ജൂലൈ ലക്കം താലന്ത് മാസികയിലെ വിഷയമായിരിക്കും.

**CJ. 55/15 സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് ഇതുവരെ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിച്ചിട്ടില്ലാത്ത സൺഡേസ്കൂളുകൾ എത്രയും വേഗം അവ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**CJ. 56/15 കുടുംബ ജ്യോതി - ദമ്പതി സംഗമം 2015**

വിശ്വാസ പരിശീലനമെന്ന സഭാ ദൗത്യം കൂട്ടുത്തരവാദിത്വത്തിൽ നിർവ്വഹിക്കപ്പെടേണ്ട ഒരു യാഥാർത്ഥ്യമായതിനാലാണ്



ക്രിസ്തുജ്യോതി ക്രമമായി പി.റ്റി.എ. മീറ്റിംഗുകൾ സംഘടിപ്പിച്ചു വരുന്നത്. മുൻവർഷം 'ആബ്ബാ മീറ്റ്' വിജയകരമായി നടത്താൻ സഹകരിച്ച എല്ലാവർക്കും നന്ദി. വിശ്വാസ പരിശീലനത്തിന്റെ പ്രഥമ വേദി കുടുംബമായതിനാലും അമ്മയുടെ ഉദരം മുതൽ മരണം വരെ തുടരേണ്ട പ്രക്രിയ ആയതിനാലും ഇത്തവണ നടത്തുന്ന പി.റ്റി.എ. മീറ്റിംഗുകൾ ഇടവകയിലെ എല്ലാ ദമ്പതികൾക്കുമായി ''കുടുംബജ്യോതി - ദമ്പതി സംഗമ'' മായിട്ടാണ് ക്രമീകരിക്കേണ്ടത്. രൂപതയിൽ നിന്നുള്ള റിസോഴ്സ് ടീം അംഗങ്ങളുടെ പേരും ഫോൺ നമ്പരും താഴെ ചേർക്കുന്നു. മൂന്നുമാസത്തിനുള്ളിൽ രൂപതയിലെ എല്ല ഇടവകകളിലും ''കുടുംബജ്യോതി - ദമ്പതി സംഗമ'' ങ്ങൾ ക്രമീകരിക്കുമല്ലോ.

| | | |
|---|---|---|
| 1. അവിരാച്ചൻ, കുമ്പൻപാറ | - | 9446291084 |
| 2. ബിനോയ് മഠത്തിൽ, ചെമ്പകപ്പാറ | - | 9446137864 |
| 3. ചുമ്മാർ മാത്യു, നാരകക്കാനം | - | 9447383140 |
| 4. ഡെയ്സൺ, പന്നിയാർകുട്ടി | - | 9495201914 |
| 5. ജോർജ് വാരികാട്ട്, കീരിത്തോട് | - | 9947269080 |
| 6. ജോർജ് കെ.സി. കോയിക്കൽ, ഇരട്ടയാർ | - | 9447823546 |
| 7. ജോയ് പ്ലാത്തറ, വാഴത്തോപ്പ് | - | 9496443510 |
| 8. ജോയ് കൊടകല്ലിൽ, വാഴവര | - | 9447194935 |
| 9. ജോബി വേണാട്ട്, തങ്കമണി | - | 9567513585 |
| 10. ജോസ് മൈക്കിൾ, പെരിഞ്ചാംകുട്ടി | - | 9744118161 |
| 11. മാത്യൂസ് ഐക്കര, കഞ്ഞിക്കുഴി | - | 9496821363 |
| 12. റോബിൾ പന്തലാനിക്കൽ | - | 9446027383 |
| 13. സി. ബീന ചേറ്റാനിയിൽ, ചുരുളി | - | 9496237514 |
| 14. സി. ജാൻസീന, നെടുങ്കണ്ടം | - | 9497795931 |
| 15. സി. ജിൻസ, വാഴത്തോപ്പ് | - | 8547918115 |
| 16. സി. ലീമ എസ്.എ.ബി.എസ്, വാഴത്തോപ്പ് | - | 9495905461 |
| 17. സി. സീജ സി.എം.സി., അടിമാലി | - | 9072294778 |
| 18. സി. സോഫി സി.എം.സി., ആയിരമേക്കർ | - | 9496359024 |
| 20. റവ. ഫാ. മാത്യു കുഴികണ്ടത്തിൽ, കോഴിമല | - | 9744148787 |
| 21. റവ. ഫാ. മാത്യു അരയത്തിനാൽ | - | 9947576229 |

22. റവ. ഫാ. മാത്യു പൊന്നമ്പേൽ, പന്നിയാർകുട്ടി - 9745881514
23. റവ. ഫാ. മാത്യു വെങ്ങാലൂർ, മുക്കുടം - 8547895250
24. റവ. ഫാ. ടിനോ പാറക്കടവിൽ, മണിയാറൻകുടി - 9947765644
25. റവ. ഫാ. ടിനു പാറക്കടവിൽ, പനംകുട്ടി - 9447824728

## CORPORATE EDUCATIONAL AGENCY, IDUKKI

### Edn.30/15 വേദപാഠം/സന്മാർഗ്ഗശാസ്ത്രം പരീക്ഷ

വേദപാഠം സന്മാർഗ്ഗശാസ്ത്രം ഒന്നാം ടേം പരീക്ഷ 2015 സെപ്റ്റംബർ 1-ാം തീയതി ചൊവ്വാഴ്ച നടത്തുന്നതാണ്. ചോദ്യ പേപ്പറുകൾ നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ നിന്നും 1-ാം തീയതി ഏറ്റുവാങ്ങേണ്ടതാണ്.

### Edn.31/15 Success Mind

നമ്മുടെ സ്കുളുകളിൽ പഠനത്തിൽ മികവു പുലർത്തുന്ന കുട്ടികൾക്കായി സംഘടിപ്പിച്ചിട്ടുള്ള 'Success Mind' പരിശീലന ക്ലാസുകളിലേയ്ക്കുള്ള പുതിയ ബാച്ചിനുള്ള Screening Test ആഗസ്റ്റ് 3-ാം തീയതി അതാതു സ്കൂളുകളിൽ വച്ചു നടത്തുന്നതാണ്. ഈ വർഷം 5-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കാണ് പ്രവേശനം നൽകുക. ഈ കോഴ്സിന്റെ ഈ വർഷത്തെ ക്ലാസുകൾ ആഗസ്റ്റ് 8-ാം തീയതി ആരംഭിക്കുന്നതാണ്.

### Edn.32/15 DTP and Printing Technology Course

പാവനാത്മ കോളേജിൽ ആരംഭിച്ചിട്ടുള്ള 'Community College'- ൽ 'DTP and Printing Technology' എന്ന തൊഴിലധിഷ്ഠിത കോഴ്സിന്റെ രണ്ടാം ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. പ്രായഭേദമന്യേ പ്ലസ് ടു വോ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് ഈ കോഴ്സിൽ ചേർന്നു പഠിക്കാവുന്നതാണ്. വാർഷിക



ഫീസ് 3000 രൂപ. എന്നാൽ അർഹരായ കുട്ടികൾക്ക് പ്രതിമാസം ആയിരം രൂപാ വീതം സ്കോളർഷിപ്പ് ലഭിക്കുന്നതുമാണ്. ക്ലാസ് സമയം ഉച്ചകഴിഞ്ഞ് 1.30 മുതൽ 5.00 വരെ. ആദ്യബാച്ചിൽ പഠനം പൂർത്തിയാക്കിയ എല്ലാവരും തന്നെ ഇതിനകം ജോലി ഉറപ്പാക്കിയിട്ടുള്ള ഈ തൊഴിലധിഷ്ഠിത കോഴ്സിൽ ചേർന്നു പഠിക്കുവാൻ താൽപര്യമുള്ള കുട്ടികളെ പറഞ്ഞുവിടുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വിശദാംശങ്ങൾക്കായി കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

## സോഷ്യൽ സർവീസസ്

### SS 43/15 ക്രെഡിറ്റ് യൂണിയൻ റീജണൽ മീറ്റിംഗുകൾ

അടിമാലി, രാജാക്കാട്, ചുരുളി, മുരിക്കാശ്ശേരി എന്നീ മേഖലകളുടെ മീറ്റിംഗ് ജൂലൈ മാസം 7-ാം തീയതി ചുരുളി സെന്റ് തോമസ് പാരിഷ്ഹാളിൽ വച്ച് നടന്നു. മീറ്റിംഗിൽ ഡോ. സുരേഷ് കുമാർ ക്യാൻസർ രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തി. ഈ മീറ്റിംഗിൽ വച്ച് ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി രൂപകല്പന ചെയ്ത ''അനാമിക-പെൺഒരുക്കം'' തെരുവുനാടകവും അവതരിപ്പിച്ചു. HDS ന്റെ വിവിധ പദ്ധതികളെ ക്കുറിച്ച് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ വിശദീകരിച്ചു. മീറ്റിംഗിൽ 85 അംഗങ്ങൾ പങ്കെടുത്തു. പരിപാടികൾക്ക് HDS പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, ആനിമേറ്റർ മാരായ സി. ആൽബി SABS, ശ്രീമതി കുഞ്ഞമ്മ തോമസ്, ശ്രീമതി മേരിക്കുട്ടി, ശ്രീ. സണ്ണി മൈലാടൂർ എന്നിവർ നേതൃത്വം നൽകി.

ഇരട്ടയാർ, നെടുങ്കണ്ടം, ഇടുക്കി, തങ്കമണി എന്നീ മേഖലക ളുടെ മീറ്റിംഗ് ജൂലൈ മാസം 4-ാം തീയതി തങ്കമണി സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് നടന്നു. HDS ഡയറക്ടർ റവ. ഫാ.

സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ HDS ന്റെ വിവിധ പദ്ധതികളെ ക്കുറിച്ച് വിശദീകരിച്ചു. ഡോ. ആനന്ദ് മഴക്കാല രോഗങ്ങളെക്കുറിച്ചും പ്രതിവിധികളെക്കുറിച്ചുമുള്ള ക്ലാസുകൾ നയിച്ചു. സ്ത്രീശാക്തി കരണത്തെക്കുറിച്ച് HDS രൂപ കല്പന ചെയ്ത ''അനാമിക- പെൺഒരുക്കം'' തെരുവുനാടകവും അവതരിപ്പിച്ചു. പരിപാടിയിൽ 55 അംഗങ്ങൾ പങ്കെടുത്തു. പരിപാടികൾക്ക് HDS പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ ആനിമേറ്റർമാരായ സി. ആൽബി SABS, ശ്രീമതി ഡോളി, ശ്രീമതി ജോളി, ശ്രീമതി മറിയക്കുട്ടി എന്നിവർ നേതൃത്വം നൽകി.

**SS 44/15 ''ഹരിതഗ്രാമം പദ്ധതി'' ലോൺ വിതരണം**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടത്തി വരുന്ന ''ഹരിതഗ്രാമ പദ്ധതി'' യിൽ അംഗങ്ങളായ കർഷകർക്ക് പശു വളർത്തുന്നതിനായി 1466304 രൂപയും, ആടു വളർത്തുന്നതിനായി 707840 രൂപയും, കുരുമുളക് കൃഷിയ്ക്കായി 1554000 രൂപയും, ജാതി കൃഷിയ്ക്കായി 410375 രൂപയും, ഗ്രാമ്പു കൃഷിയ്ക്കായി 77490 രൂപയും, ഏലം കൃഷിയ്ക്കായി 539000 രൂപയും, കൊക്കോ കൃഷിയ്ക്കായി 391125 രൂപയും, വാഴ കൃഷിയ്ക്കായി 297500 രൂപയും,പച്ചക്കറി കൃഷിയ്ക്കായി 28000 രൂപയും, റൂഫ് വാട്ടർ ഹാർവെസ്റ്റിങ്ങിനായി 49000 രൂപയും ലോണായി വിതരണം ചെയ്തു.

**SS 45/15 ബയോഗ്യാസ് വിതരണം**

കരിക്കിൻ തോളം നീർത്തട പദ്ധതിയുടെ ഭാഗമായി 17 കുടുംബങ്ങൾക്ക് 16500 രൂപാ വീതം മുതൽമുടക്ക് വരുന്ന പോർട്ടബിൾ ബയോഗ്യാസ് വിതരണം ചെയ്തു. കൂടാതെ തോടിന്റെ പാർശ്വഭിത്തി നിർമ്മാണത്തിനായി 6 ലക്ഷം രൂപ വിതരണം ചെയ്തു.

**SS 46/15 മേലേചിന്നാർ നീർത്തട സർവ്വേ**

മേലേചിന്നാർ നീർത്തട പദ്ധതിയുടെ പ്രാരംഭമായി നീർത്തട പ്രദേശത്തെ എല്ലാ കുടുംബങ്ങളുടെയും അടിസ്ഥാന വിവര ശേഖരണം നടത്തി. 20 കമ്മറ്റിക്കാരുടെ നേതൃത്വത്തിലാണ് സർവ്വേ നടന്നത്. പഞ്ചായത്ത് പ്രസിഡന്റുമാർ, കൃഷി ഓഫീസർ, വാർഡ്



മെമ്പർമാർ, പ്രോജക്ട് കോർഡിനേറ്റർ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**SS 47/15 കാർട്ടൂൺ ട്രെയിനിംഗ്**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ലിലിയൻ ഫോണ്ട്സിൽ അംഗങ്ങളായ കുട്ടി കൾക്കുവേണ്ടി 2 വർഷത്തെ കാർട്ട്യൂൺ പരിശീലന പരിപാടി HDS ന്റെ ഓഫീസിൽ വച്ച് ജൂലൈ മാസം 17, 18 തീയതികളിലായി നടത്തി. പരിപാടിയിൽ 20 കുട്ടികൾ പങ്കെടുത്തു. വിവിധ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചുള്ള കാർട്ടൂണുകൾ കുട്ടികൾ തയ്യാറാക്കി.

**SS 48/15 സമാശ്വാസ് - 2015**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്ന IDRT യുടെ നേതൃത്വത്തിൽ ഇടുക്കി രൂപതയി ലുള്ള ക്യാൻസർ രോഗികളെ സഹായിക്കുന്നതിനായി '' സമാശ്വാസ് - 2015'' പദ്ധതിയ്ക്ക് രൂപം നൽകി. ക്യാൻസർ രോഗികൾക്ക് സാമ്പത്തിക സഹായം നൽകുക, ക്യാൻസർ രോഗത്തിനെതിരെ ബോധവൽക്കരണം നടത്തുക ഇവയാണ് പ്രധാന ലക്ഷ്യങ്ങൾ.

**SS 49/15 ഗ്രീൻ ഇടുക്കി പ്രൊഡ്യുസേഴ്സ് കമ്പനി ലിമിറ്റഡ്**

ചക്ക കൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, വിപണനം ചെയ്യുന്നതിനുമായി നെടുങ്കണ്ടം കേന്ദ്രമാക്കി നബാർഡി ന്റെ സഹായത്തോടുകൂടി ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി യുടെ കീഴിൽ ഒരു കമ്പനി രൂപികരിക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി വിവിധ ഫാർമേഴ്സ് ക്ലബ്ബുകൾക്ക് പരിശീലന പരിപാടി സംഘടിപ്പിക്കുകയും, പാലക്കാട്, ഭരണങ്ങാനം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ചക്കയുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറികൾ സന്ദർശിക്കുന്നതിനായി പഠന യാത്ര നടത്തുകയും ചെയ്തു. കമ്പനി രൂപികരണത്തിന് റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ നേതൃ ത്വം നൽകി.

**SS 50/15 ഇടുക്കി സ്പൈസസ് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ്**

ജൈവകൃഷി പ്രോത്സാഹനവും ജൈവ ഉൽപ്പന്നങ്ങളുടെ

വിപണനവും ലക്ഷ്യമാക്കി പടമുഖം കേന്ദ്രമാക്കി ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ കമ്പനി രൂപികരിക്കാൻ തീരുമാനിച്ചു. കഞ്ഞിക്കുഴി, ചേലച്ചുവട്, പടമുഖം എന്നീ സ്ഥലങ്ങളിൽ നിന്നുള്ള 56 കർഷകരെ തിരഞ്ഞെടുക്കുകയും, ജൈവ കൃഷിയെക്കുറിച്ചും, ജൈവ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിന്റെ സാദ്ധ്യതകളെക്കുറിച്ചും HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ ജൈവ കർഷകർക്ക് വിശദീകരിച്ചു കൊടുത്തു.

**SS 51/15 വാട്ടർ ടാങ്ക് വിതരണം**

HDS ന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 11000 ലിറ്ററിന്റെ വാട്ടർ ടാങ്കുകൾ വിതരണം ചെയ്തു.

**SS 52/15 യൂണിറ്റ് വാർഷികങ്ങൾ**

**മുരിക്കാശ്ശേരി :-** യൂണിറ്റ് വാർഷികം ജൂലൈ മാസം 4-ാം തീയതി HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ക്രെഡിറ്റ് യൂണിയന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**മരിയാപുരം :-** യൂണിറ്റ് മീറ്റിംഗും തിരഞ്ഞെടുപ്പും ജൂലൈ മാസം 18-ാം തീയതി യൂണിറ്റ് രക്ഷാധികാരി റവ. ഫാ. മാത്യു കരോട്ട് കൊച്ചറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ യൂണിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഓഫീസ് സെക്രട്ടറി ശ്രീ. സിബി മാളിയേക്കൽ, ആനിമേറ്റർ സി. ആൽബി SABS എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി.

**മേരിലാന്റ് :-** യൂണിറ്റ് വാർഷികം ജൂലൈ മാസം 18-ാം തീയതി യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജോർജ് കൊച്ചുപുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ യൂണിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും വേണ്ടതായ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു. യൂണിറ്റ് ഭാരവാഹികൾ മീറ്റിംഗിന് നേതൃത്വം നൽകി.



**കുഞ്ചിത്തണ്ണി :-** യൂണിറ്റ് വാർഷികം ജൂലൈ മാസം 12-ാം തീയതി യൂണിറ്റ് രക്ഷാധികാരി റവ. ഫാ. വിൻസെന്റ് വാളിപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ആനിമേറ്റർ ശ്രീമതി മേരിക്കുട്ടി പരിപാടികൾക്ക് നേതൃത്വം നൽകി.

**കല്ലുപാലം :-** യൂണിറ്റിന്റെ വാർഷികം ജൂലൈ മാസം 19-ാം തീയതി യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജോസഫ് പൈമ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ആനിമേറ്റർ ശ്രീമതി വത്സമ്മ പ്ലാത്തോട്ടത്തിൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**SS 53/15 പുതിയ യൂണിറ്റ് ഉദ്ഘാടനം**

ചെമ്പകപ്പാറ ഇടവകയിൽ ക്രെഡിറ്റ് യൂണിയന്റെ പുതിയ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

## തിരുബാലസഖ്യം

HC 9/15

ഈ വർഷം എല്ലാ മേഖലയിലും റാലി മത്സരവും തൽസമയ കൈയ്യെഴുത്തുമാസിക മത്സരവും തുടർന്ന് കുട്ടികൾക്ക് സെമിനാറും നടത്തുന്നതായിരിക്കും. അന്ന് കുട്ടികൾ ഉച്ചഭക്ഷണം കൊണ്ടുവരേണ്ടതാണ്. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ സെമിനാറും റാലി മത്സരങ്ങളും നടത്തപ്പെടുന്ന സ്ഥലങ്ങൾ.

| | |
|---|---|
| ആഗസ്റ്റ് 08 - വാഴത്തോപ്പ് | ആഗസ്റ്റ് 14 - നെടുങ്കണ്ടം |
| ആഗസ്റ്റ് 22 - ഇരട്ടയാർ | സെപ്റ്റംബർ 05 - വെള്ളയാംകുടി |
| സെപ്റ്റംബർ 12 - രാജക്കാട് | സെപ്റ്റംബർ 21 - കുമ്പൻപാറ. |

**HC 10/15 രൂപതാ പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും**

തിരുബാലസഖ്യത്തിന്റെ ഈ വർഷത്തെ പ്രവർത്തന വർഷ

ഉദ്ഘാടനം രൂപതാ ചാൻസലർ ബഹുമാനപ്പെട്ട ജോസഫ് കൊച്ചുകുന്നേലച്ചൻ നിർവ്വഹിക്കുകയും മാർഗ്ഗരേഖ പ്രകാശനം ചെയ്യുകയും ചെയ്തു. ഈ വർഷത്തെ രൂപതാ പ്രസിഡന്റായി ജോയൽ സിബു വെട്ടിക്കലിനെയും, രൂപതാ സെക്രട്ടറിയായി ഈവിലിൻ റോസ് ജേക്കബിനെയും തിരഞ്ഞെടുത്തു.

## ചെറുപുഷ്പ മിഷൻലീഗ്

### CML 40/15 ഓർമ്മിക്കാൻ

**ആഗസ്റ്റ് 2015**

01 ശനി : 5, 6, 7 ക്ലാസുകളിലെ വിദ്യാർത്ഥികളുടെ സംഗമം ശാഖകളിൽ നടത്തുക, ദൈവവിളി സെമിനാർ ശാഖാ തലം.

02 ഞായർ : ലഹരി വിരുദ്ധ പ്രതിജ്ഞ, ജപമാല സൈന്യം-മേഖലാതല സംഗമം നടത്തുക, ശാഖാ സന്ദർശനം.

04 ചൊവ്വ : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ വൈദിക ദിനം, ഇടവക വൈദികരെ ആദരിക്കുക, ആശംസകൾ അറിയിക്കുക.

08 ശനി : സ്ഥാപക നേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ) ആറാം ചരമ വാർഷികം. കുഞ്ഞേട്ടൻ അനുസ്മരണവും, സംസ്ഥാന മാനേജിംഗ് കമ്മറ്റിയും പാലാ രൂപതയിൽ ചെമ്മലമറ്റം ശാഖയിൽ.

09 ഞായർ : ശാഖകളിൽ കുഞ്ഞേട്ടൻ അനുസ്മരണവും, പ്രാർത്ഥനയും നടത്തുക, ശാഖാ സന്ദർശനം.

11 ചൊവ്വ : കുഞ്ഞേട്ടൻ ചരമദിനം.

14 വെള്ളി : **രൂപത സാഹിത്യ മത്സരം 5 സെന്ററുകളിൽ വച്ച്.**

15 ശനി : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനവും സമുചിതമായി ആഘോഷിക്കുക.



16 ഞായർ : ശാഖാ, മേഖല സെമിനാറുകൾ (വിഷയം : ലഹരിക്കെതിരെ), രൂപത എക്സിക്യൂട്ടീവ്, ശാഖാ സന്ദർശനം.

23 ഞായർ : 23, 24, 25, 26 തീയതികളിൽ രൂപത ക്യാമ്പ് പടമുഖം സ്നേഹമന്ദിരത്തിൽ, ശാഖാ സന്ദർശനം.

29 ശനി : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ, മേഖലാകലോത്സവം.

30 ഞായർ : പഠന കളരി, വിശുദ്ധരെ പരിചയപ്പെടുത്തൽ എൽ.കെ.ജി., യൂ.കെ.ജി വിദ്യാർത്ഥികൾക്ക്, ശാഖാ സന്ദർശനം.

### CML 41/15 രൂപതാസാഹിത്യമത്സരം

ഇടുക്കി രൂപതാസാഹിത്യമത്സരം ആഗസ്റ്റ് 14-ാം തീയതി വെള്ളിയാഴ്ച രൂപതയിലെ 5 സെന്ററുകളിലായി രാവിലെ 9.30 മുതൽ നടത്തപ്പെടുന്നു. ശാഖയിൽ നിന്ന് പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

1. അടിമാലി - ഫാത്തിമ മാതാ HSS കൂമ്പൻപാറ
2. മുരിക്കാശ്ശേരി - സെന്റ് മേരീസ് HSS മുരിക്കാശ്ശേരി
3. വെള്ളയാംകുടി - സെന്റ് ജെറോംസ് HSS വെള്ളയാംകുടി
4. വാഴത്തോപ്പ് - സെന്റ് ജോർജ് HSS വാഴത്തോപ്പ്
5. നെടുങ്കണ്ടം - സെന്റ് സെബാസ്റ്റ്യൻസ് HSS നെടുങ്കണ്ടം

കുട്ടികളെ ഏത് സെന്ററിൽ വേണമെങ്കിലും പങ്കെടുപ്പിക്കാവുന്നതാണ്. ഒരോ പ്രായപരിധിയിലും ഓരോ ഇനത്തിലും ഒരു ശാഖയിൽ നിന്ന് 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും പങ്കെടുക്കാവുന്നതാണ്.അംഗങ്ങൾ അതാത് പ്രായപരിധിയിൽ മാത്രമേ മത്സരിക്കാൻ പാടുള്ളൂ.

### CML42/15 കുഞ്ഞേട്ടൻ അനുസ്മരണം

ഓഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച ഇടുക്കി രൂപതയിലെ ശാഖകളിൽ സ്ഥാപകനേതാവായ കുഞ്ഞേട്ടന്റെ അനുസ്മരണവും പ്രാർത്ഥനയും നടത്തുക.

### CML 43/15 രൂപതാക്യാമ്പ് - ആഗസ്റ്റ് 23, 24, 25, 26

ഇടുക്കി രൂപത ചെറുപുഷ്പ മിഷൻലീഗ് രൂപത സമിതിയുടെ

നേതൃത്വത്തിൽ ശാഖ/മേഖല പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കുള്ള ക്യാമ്പ് പടമുഖം സ്നേഹമന്ദിരത്തിൽവച്ച് ആഗസ്റ്റ് മാസം 23-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ച് 26-ാം തീയതി രാവിലെ 10.00 മണിക്ക് അവസാനിക്കുന്നതാണ്. എല്ലാ ശാഖ/മേഖലയിൽനിന്നും പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാരെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. രജി. ഫീസ് 400 രൂപ. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ആഗസ്റ്റ് 10-ാം തീയതിക്കകം രൂപത ഓഫീസിൽ അറിയിക്കുമല്ലോ.

### CML 44/15 മേഖലാകലോത്സവം

ഇടുക്കി രൂപത സി.എം.എല്ലിന്റെ 12 മേഖലകളിലും മേഖലാ കലോത്സവം ആഗസ്റ്റ് മാസം 29-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നു. മേഖല മത്സരത്തിന് വേണ്ട ക്രമീകരണങ്ങൾ മേഖല ഭാരവാഹികൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. മത്സരങ്ങൾക്ക് രൂപത ഭാരവാഹികൾ നേതൃത്വം നൽകുന്നതായിരിക്കും.

### CML 45/15 CML വെബ്സൈറ്റ്

ഇടുക്കി രൂപത മിഷൻലീഗിന്റെ പുതിയ വെബ് സൈറ്റ് അഭിവന്ദ്യ പിതാവ് ജൂലൈ മാസം 25-ാം തീയതി ശനിയാഴ്ച വാഴത്തോപ്പിൽ നടന്ന രൂപത കൗൺസിലിൽ ഉദ്ഘാടനം ചെയ്തു. വെബ് സൈറ്റ് അഡ്രസ്സ് www.cmlidukki.org പരമാവധി പ്രവർത്തകർ വെബ്സൈറ്റ് സന്ദർശിക്കാൻ ശ്രദ്ധിക്കുമല്ലോ.

### CML 46/15 രൂപതാമാനേജിംഗ് കമ്മറ്റി ക്യാമ്പ്

ഇടുക്കി രൂപതാ ചെറുപുഷ്പ മിഷൻലീഗ് രൂപതാ മാനേജിംഗ് കമ്മറ്റി 2015 ജൂലൈ മാസം 24-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6.30 ന് വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ പാരീഷ്ഹാളിൽവച്ച് രൂപതാ പ്രസിഡന്റ് ശ്രീ.ഷിബു മത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. രൂപതാ വികാരി ജനറാൾ മോൺ. ജെയിംസ് മംഗലശ്ശേരിൽ മാനേജിംഗ് കമ്മറ്റി ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി ജെമി ജെയിംസ് മൈലാടിയിൽ വാർഷിക റിപ്പോർട്ടും, കണക്കും, ഓഡിറ്റ് റിപ്പോർട്ടും, ബഡ്ജറ്റും അവതരിപ്പിച്ച് പാസ്സാക്കി. ജനറൽ ഓർഗനൈസർ ശ്രീ. ബിനോയി കുര്യൻ



കടുവനാൽ പ്രവർത്തന മാർഗ്ഗരേഖ അവതരിപ്പിച്ചു. ആശംസകളറിയിച്ച് കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ സംസാരിച്ചു. തുടർന്ന് KCSL രൂപതാ ഡയറക്ടർ റവ. ഫാ. ജെയിംസ് മാക്കിയിൽ ക്ലാസ് നയിച്ചു. തുടർന്ന് ഒഴിവുള്ള സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പും നടന്നു. രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു അരയത്തിനാൽ സാഗതവും സെക്രട്ടറി നന്ദിയും രേഖപ്പെടുത്തി.

### CML 47/15 രൂപതാ കൗൺസിലിന്റെ പ്രവർത്തന വർഷ ഉദ്ഘാടനം, വാർഷികം, അവാർഡ് ദാനം, മാർഗ്ഗരേഖ പ്രകാശനം

ഇടുക്കി രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ കൗൺസിൽ 2015 ജൂലൈ മാസം 25-ാം തീയതി ശനിയാഴ്ച വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ പാരീഷ്ഹാളിൽവച്ച് രൂപത പ്രസിഡന്റ് ശ്രീ. ഷിബു മത്തിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന കൗൺസിൽ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി ജെമി ജെയിംസ് മൈലാടിയിൽ വാർഷിക റിപ്പോർട്ടും, കണക്കും, ഓഡിറ്റ് റിപ്പോർട്ടും, ബഡ്ജറ്റും അവതരിപ്പിച്ച് പാസ്സാക്കി. ജനറൽ ഓർഗനൈസർ ശ്രീ. ബിനോയി കുര്യൻ കടുവനാൽ പ്രവർത്തന മാർഗ്ഗരേഖ അവതരിപ്പിച്ചു. റവ. ഫാ. ജെയിംസ് തെക്കേൻച്ചേരിക്കുന്നേൽ സംഘടനയെക്കുറിച്ച ക്ലാസ് നയിച്ചു. കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ മുഖ്യപ്രഭാഷണം നടത്തി. CML മുൻരൂപത ഡയറക്ടർ റവ. ഫാ. ടിനോ പാറക്കടവിൽ, ശ്രീ. ബിനോയി ചെമ്മരപ്പള്ളി എന്നിവർ ആശംസകളറിയിച്ചു. രൂപത ഡയറക്ടർ റവ. ഫാ. മാത്യു അരയത്തിനാൽ സാഗതവും സെക്രട്ടറി ജെമി ജെയിംസ് നന്ദിയും രേഖപ്പെടുത്തി. കൗൺസിലിൽ വച്ച് 2014-2015 പ്രവർത്തന വർഷത്തെ ബെസ്റ്റ് ശാഖാ, മേഖലകൾക്കുള്ള ട്രോഫിയും SSLC, Plus Two- വിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയവർക്കുള്ള സമ്മാനവും വിതരണം ചെയ്തു.

## കെ.സി.എസ്.എൽ.

**KCSL 33/15 സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് : ലൂമെൻ 2015**

ശതാബ്ദി വർഷത്തിലെ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് ലൂമെൻ 2015 ജൂലൈ 17 ന് അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. നേതൃത്വ പരിശീലന ക്യാമ്പ് ഇടുക്കി രൂപത മെത്രാൻ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ. ഇടുക്കി രൂപത പ്രസിഡന്റ് ശ്രീ. ജോയി കെ. ജോസ് യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടർ ഫാ. യേശുദാസ് പഴമ്പള്ളിയും, സംസ്ഥാന സമിതി അംഗങ്ങളും ക്യാമ്പിൽ പങ്കെടുത്തു. പ്രസ്തുത ക്യാമ്പിൽ 65 ഓളം വിദ്യാർത്ഥി പ്രതിനിധികളും പങ്കെടുത്തു.

**KCSL 34/15 മാർഗ്ഗരേഖ പ്രകാശനം**

ശതാബ്ദി വർഷത്തിലെ ഇടുക്കി രൂപത കെ.സി.എസ്.എൽ. മാർഗ്ഗരേഖ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് ആത്മജ്യോതിയിൽ വച്ച് നടത്തപ്പെട്ട ലീഡേഴ്സ് ക്യാമ്പിൽ വച്ച് നിർവ്വഹിച്ചു.

**KCSL 35/15 അംഗത്വ ലിസ്റ്റ് : ഓഗസ്റ്റ് 7 വെള്ളിയാഴ്ചക്കകം രൂപത ഓഫീസിൽ എത്തിക്കണം**

KCSL - ലെ ഈ വർഷത്തെ മുഴുവൻ അംഗങ്ങളുടെയും അംഗത്വ ലിസ്റ്റും അംഗത്വവിഹിതമായ 6 രൂപയും രൂപത ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അംഗത്വ വിഹിതമായി ഒരു കുട്ടിയിൽ നിന്നും 10 രൂപ ശേഖരിക്കുകയും 6 രൂപ രൂപത ഓഫീസിൽ



എത്തിക്കണം. 4 രൂപ സ്കൂൾതല പ്രവർത്തനങ്ങൾക്ക് വിനയോഗിക്കാവുന്നതാണ്.

**KCSL 36/15 മെഗാക്വിസ് - 2015**

ശതാബ്ദിയോടനുബന്ധിച്ച് ഇടുക്കി രൂപതാ കെ.സി.എസ്. എൽ. സംഘടിപ്പിക്കുന്ന മെഗാക്വിസ് 2015 ഓഗസ്റ്റ് 19, ബുധൻ ഉച്ചകഴിഞ്ഞ് 2 മണിക്ക് സ്കൂൾ തലത്തിൽ നടത്തുന്നു. എല്ലാ കെ.സി.എസ്.എൽ. അംഗങ്ങളെയും പങ്കെടുപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ലോഗോസ് ക്വിസ് മാതൃകയിലാണ് ചോദ്യങ്ങൾ തയ്യാറാക്കുന്നത്. രജി. ഫീസ് ഒരു കുട്ടിക്ക് 10/- രൂപ ആയിരിക്കും. സ്കൂൾ, റീജിയൺ, രൂപതാ തലങ്ങളിൽ പ്രത്യേക സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്ന കുട്ടികളുടെ വിവരങ്ങൾ ആഗസ്റ്റ് 7-നകം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. റീജിയൺ തലത്തിൽ യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിൽ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന കുട്ടികളെ ഉൾപ്പെടുത്തിയായിരിക്കും രൂപതാതല ഫൈനൽ മത്സരം നടത്തുന്നത്. 2015 നവംബർ 14 ശനിയാഴ്ചയായിരിക്കും രൂപതാ തല ഫൈനൽ ക്വിസ് മത്സരം നടത്തപ്പെടുന്നത്.

**KCSL 37/15 സ്ക്രാച്ച് & വിൻ**

കെ.സി.എസ്.എൽ. അംഗങ്ങൾക്ക് പഠനോപകരണങ്ങൾ എത്തിക്കുവാനും പ്രവർത്തനഫണ്ട് സമാഹരണത്തിനുമായി സ്ക്രാച്ച് & വിൻ പദ്ധതിയുടെ കാർഡുകൾ ജൂലൈ 30 ന് മാത്രം വിതരണം ചെയ്യുക.

**KCSL 38/15 രൂപത ലീഡേഴ്സ് ക്യാമ്പ് : അമൽ ജ്യോതി പൈനാവ്**

ശതാബ്ദി വർഷത്തിൽ രൂപതാ കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ നേതൃത്വ പരിശീലന ക്യാമ്പ് ആഗസ്റ്റ് 23 വൈകുന്നേരം 4.00 മണി മുതൽ 26 ന് രാവിലെ 8.00 മണി വരെ പൈനാവ് അമൽ ജ്യോതി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. ഒരു സ്കൂളിൽ നിന്നും ചെയർമാൻ/സെക്രട്ടറി മാത്രം പങ്കെടുക്കുക. ക്യാമ്പ് ഫീസ് 400 രൂപ.

## കെ.സി.വൈ.എം.

### KCYM 38/15 യുവജന ദിനാചരണം നടത്തി

ജൂലൈ 5-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും യുവജന ദിനാചരണം നടത്തി. എല്ലാ വികാരിയച്ചന്മാർക്കും ഭാരവാഹികൾക്കും പ്രത്യേകം നന്ദി പറയുന്നു. വിമലമാതാ ചർച്ച് വിമലഗിരിയിലെയും സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഭൂമിയാം കുളത്തെയും യുവജന ദിനാചരണത്തിൽ ബഹു. ഡയറക്ടറച്ചൻ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. അന്നേ ദിവസത്തെ ഞായറാഴ്ച വിഹിതം രൂപതാ കെ.സി.വൈ.എം. ഓഫീസിൽ എത്തിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### KCYM 39/15 രൂപതാതല യുവജന ദിനാചരണവും വാഴത്തോപ്പ് ഫൊറോന സംഗമവും

ജൂലൈ 12 ഞായറാഴ്ച 2.00 p.m. ന് വാഴത്തോപ്പ് കത്തീഡ്രലിൽ വച്ച് രൂപതാതല യുവജന ദിനാചരണവും വാഴത്തോപ്പ് ഫൊറോന സംഗമവും നടന്നു. യുവജനങ്ങളുടെ കാഴ്ച സമർപ്പണത്തോടെ ആരംഭിച്ച വി. കുർബാനയ്ക്ക് കെ.സി.വൈ.എം. ഡയറക്ടർ ബഹു. ഫ്രാൻസിസ് അമ്പലത്തിങ്കലച്ചൻ കാർമ്മികത്വം വഹിച്ചു. തുടർന്ന് രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ നടന്ന സംഗമം വാഴത്തോപ്പ് കത്തീഡ്രൽ വികാരി വെരി. ബഹു. ജോസ് ചെമ്മരപ്പള്ളിയിലച്ചൻ ഉദ്ഘാടനം ചെയ്യുകയും വികാരി ജനറാൾ മോൺ. ജെയിംസ് മംഗലശ്ശേരി മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

അതിനുശേഷം വാഴത്തോപ്പ് മേഖലാ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത സംഗമത്തിൽ നൂറോളം യുവജനങ്ങൾ പങ്കെടുത്തു.



### KCYM40/15 വാഴത്തോപ്പ് മേഖലാ ഭാരവാഹികളെ തിരഞ്ഞെടുത്തു

ജൂലൈ 12 ന് വാഴത്തോപ്പ് കത്തീഡ്രലിൽ നടന്ന ഫൊറോന സംഗമത്തിൽ വാഴത്തോപ്പ് മേഖലാ ഭാരവാഹികളെ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ആശംസകളും അഭിനന്ദനങ്ങളും.

### KCYM41/15 സംസ്ഥാന അർദ്ധവാർഷിക സെനറ്റ്

കെ.സി.വൈ.എം. സംസ്ഥാന അർദ്ധവാർഷിക സെനറ്റ് ജൂലൈ 4-5 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ നടന്നു. ഇടുക്കി രൂപതയെ പ്രതിനിധികരിച്ച് പ്രസിഡന്റ് സിജോ ഇലന്തൂറും, വൈസ് പ്രസിഡന്റ് സാബു കുന്നുംപുറത്തും പങ്കെടുത്തു.

### KCYM42/15 ഫൊറോന സംഗമങ്ങൾ ആഗസ്റ്റ് 16, 23 തീയതികളിൽ

ആഗസ്റ്റ് 16 ഞായറാഴ്ച ഇരട്ടയാർ ഫൊറോന സംഗമവും, ആഗസ്റ്റ് 23 ഞായറാഴ്ച വെള്ളയാംകുടി ഫൊറോന സംഗമവും നടത്തപ്പെടുന്നു. ഉച്ചകഴിഞ്ഞ് 1.30 ന് ആരംഭിക്കുന്ന സംഗമത്തിൽ പ്രസ്തുത ഫൊറോനകളിൽപ്പെട്ട യുവജനങ്ങളെയും ആനിമേറ്റർ സിസ്റ്റേഴ്സിനെയും നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ പറഞ്ഞയക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. എല്ലാ യുവജനങ്ങളുടെയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷി ക്കുന്നു.



## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

MVS 13/15 **കെ.സി.ബി.സി. മദ്യവിരുദ്ധ പ്രവർത്തക കൺവൻഷൻ മുരിക്കാശ്ശേരി**

മദ്യവിമുക്തസഭയും സമൂഹവും എന്ന വലിയ മുദ്രാവാക്യം ഉയർത്തിപിടിച്ചുകൊണ്ട് ഇടുക്കി രൂപതാ മദ്യവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ 18.07.2015 ശനിയാഴ്ച 10.00 am മുതൽ 4.00 pm വരെ മുരിക്കാശ്ശേരി സെന്റ്മേരീസ് പാരീഷ്ഹാളിൽ വച്ച് മദ്യവിരുദ്ധപ്രവർത്തക കൺവൻഷൻ നടന്നു. സിസ്റ്റർ ലീജാ, സിസ്റ്റർ ദീപാ റോസ് എന്നിവർ നയിച്ച പ്രാർത്ഥനയോടെ കൺവൻഷൻ ആരംഭിച്ചു. എനിക്കും ഒരു മദ്യവിരുദ്ധപ്രവർത്തകനാകണമെന്ന ആഗ്രഹം മനസ്സിന്റെ ഉള്ളിൽ തോന്നത്തക്കവിധത്തിൽ പ്രൗഢഗംഭീരമായിരുന്നു തുടക്കം മുതൽ തന്നെ കൺവൻഷൻ. കെ.സി.ബി.സി. മദ്യവിരുദ്ധ സമതി മുൻസംസ്ഥാന സെക്രട്ടറിയും ഇപ്പോൾ കാഞ്ഞിരപ്പള്ളി രൂപതാ പ്രസിഡന്റുമായ ശ്രീ. ജോർജുകുട്ടി ആഗസ്തിയാണ് നിലവിളക്ക് കൊളുത്തി കൺവൻഷൻ ഉദ്ഘാടനം ചെയ്തത്. അടുത്ത കാലത്തായി സ്ത്രീകളിൽപോലും മദ്യപാനശീലം കൂടിവരുന്നതും, കുടുംബങ്ങൾ തകർന്ന് തരിപ്പണമാകുന്നതും, സമൂഹം നശിക്കുന്നതും ഉത്കണ്ഠയോടുകൂടി മാത്രമേ വീക്ഷിക്കാനാവുകയുള്ളൂവെന്ന് ശ്രീ. ജോർജുകുട്ടി ആഗസ്തി അഭിപ്രായപ്പെട്ടു. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. റോജസ്.എം. ജോർജ് സ്വാഗതം പറഞ്ഞു. കൺവൻഷനിൽ ആമുഖ സന്ദേശം നൽകികൊണ്ട് രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി പറഞ്ഞത് - ഏറ്റവും വലിയ സാമൂഹ്യ തിൻമയായ മദ്യപാനത്തിനെതിരായ പോരാട്ടത്തിൽ അത് ഒരു ഏകാംഗ സമരമായാൽ പോലും താൻ ഒപ്പമുണ്ടാവുമെന്നാണ്. രൂപതാ പ്രസിഡന്റ് ശ്രീ. സിൽബി ചുനയംമാക്കൽ അദ്ധ്യക്ഷത വഹിച്ചു. സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുര " മദ്യവിരുദ്ധപ്രവർത്തനത്തിന്റെ ശ്രേഷ്ഠത" എന്ന വിഷയത്തിൽ ഈടുറ്റ സന്ദേശം നൽകിയത് പ്രവർത്തകരിൽ കൂടുതൽ ഊർജ്ജം പകർന്നു.ഏറ്റവും വലിയ പുണ്യപ്രവൃത്തിയാണ് സഭയുടെ മദ്യവിരുദ്ധപ്രവർത്തനമെന്നും കൂടുതൽ ആളുകൾ വരും നാളുകളിൽ സംഘടനാ പ്രവർത്തനങ്ങളിലേയ്ക്ക് കടന്നു വരണമെന്നും അങ്ങനെ അത് സഭയ്ക്കും സമൂഹത്തിനു ദൈവരാജ്യ വളർച്ചയ്ക്കും കാരണമായി മാറുമെന്നും ഫാ. സെബാസ്റ്റ്യൻ കൊച്ചുപുര പറഞ്ഞു. തുടർന്ന് ആശംസ അർപ്പിച്ച രൂപതാ മുൻപ്രസിഡന്റ് ശ്രീ. ബെന്നി പാലക്കാട് തന്റെ രാഷ്ട്രീയ - സാമൂഹ്യ പ്രവർത്തന രംഗങ്ങളിൽ ലഹരിവിരുദ്ധ നിലപാടുകൾ എടുക്കുവാനും അത് പഞ്ചായത്ത് തലങ്ങളിൽ നടപ്പിൽ വരുത്തുവാനും കഴിയുന്നത് തന്റെ മുൻകാല ലഹരി വിരുദ്ധപ്രവർത്തനങ്ങളിൽ നിന്നും ലഭിച്ച ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്ന ശക്തമായ ബോധ്യങ്ങളിൽ നിന്നാണെന്ന് ഉറപ്പിച്ചു പറഞ്ഞു.



തുടർന്ന് സംസാരിച്ച ഇടുക്കി രൂപതാ മുൻ ഡയറക്ടർ ഫാ. ജോസ് ചിറ്റടിയിൽ ലഹരിവിരുദ്ധപ്രവർത്തനങ്ങൾ സാത്താനെതിരായ സഭയുടെ ശക്തമായ ഇടപെടലാണെന്നും ഇതിന്റെ വിജയം ദൈവരാജ്യ വളർച്ചയ്ക്ക് അടിയന്തിര ആവശ്യമാണെന്നും സൂചിപ്പിച്ചു. എല്ലാ ഇടവകകളിലും എത്രയും പെട്ടെന്ന് മദ്യവിരുദ്ധ സമിതികൾ രൂപികരിക്കണം. അങ്ങനെ കൂട്ടായ്മയുടെ ബലത്തിൽ പ്രാർത്ഥനയുടെ ശക്തിയിൽ ഒരു സാമൂഹ്യ മുന്നേറ്റമായി പടഹധ്വനിയായി പടയണിപോലെ ലഹരിവിരുദ്ധ പ്രസ്ഥാനങ്ങൾക്ക് മാറുവാൻ കഴിയും. കൺവൻഷനിൽ പങ്കെടുത്ത ഇരുപതോളം ഇടവകകളിൽ നിന്നുള്ള ഇരുന്നൂറോളം പ്രതിനിധികളിൽ നിന്ന് - നിലവിൽ മദ്യവിരുദ്ധസമതികൾ ഇല്ലാത്ത ഇടവകകളിൽ ഉടൻ തന്നെ ഇത്തരം സമതികൾ രൂപീകരിക്കുന്നതിന് നേതൃത്വം കൊടുക്കുവാൻ അംഗങ്ങളെ ബഹുമാനപ്പെട്ട ചിറ്റടിയച്ചന്റെ നേതൃത്വത്തിൽ തെരെഞ്ഞെടുത്തു. ആ ഇടവകകൾ താഴെപ്പറയുന്നു. പണിക്കൻകുടി, പാറത്തോട്, ഇരുമ്പുപാലം, മുക്കുടം, രാജമുടി, കൈലാസം, വെള്ളത്തൂവൽ.സമതി രൂപീകരണത്തിന് ഇവിടെ സഹായിക്കുവാൻ രൂപതാ ഭാരവാഹികൾ തയ്യാറാകും. അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു അരയത്തിനാൽ നന്ദി പ്രകാശിപ്പിക്കുകയും പ്രവർത്തകർ തങ്ങൾക്ക് കിട്ടിയ പുതിയ

ഉണർവിന്റെ വെളിച്ചത്തിൽ മടങ്ങുകയും ചെയ്തു. ഫാ. മാത്യു തൊട്ടിയിൽ, മാത്യു മലേപറമ്പിൽ, ഫിലിപ്പ് കവലക്കൽ തുടങ്ങിയവരും രൂപതാ കമ്മറ്റി ഭാരവാഹികളായ ശ്രീ. ജോസ് ഇളമ്പാശേരി, വർഗീസ് കൂനാനി, മൈക്കിൾ വാഴയിൽ, ജോയി മണ്ണാംപറമ്പിൽ, ജോയി കല്ലത്ത്, ജോസ് ഇഞ്ചയിൽ, ഷാജി ചിലമ്പിൽ, ജോസഫ് മ്രാല, ശ്രീമതി മേരിക്കുട്ടി കിഴക്കയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

## ഫാമിലി അപ്പസ്തോലേറ്റ്

**FA 12/15 വിവാഹ ഒരുക്ക സെമിനാർ**

ആഗസ്റ്റ് 10 - 12 തിങ്കൾ-ബുധൻ

ആഗസ്റ്റ് 31 - സെപ്റ്റംബർ 2 „

**FA 13/15 മാതൃവേദി മോഡറേറ്റേഴ്സ് സംഗമം**

ജൂലൈ 18 ശനിയാഴ്ച രാവിലെ 9.30 ന് രൂപതാ കേന്ദ്രത്തിൽ മാതൃവേദി മോഡറേറ്റർമാരുടെ മീറ്റിംഗ് നടന്നു. വി. കുർബാനയോടുകൂടി ആരംഭിച്ച മീറ്റിംഗിൽ വിവിധ ശാഖകളിൽ നിന്നായി 65-ൽ പരം മോഡറേറ്റേഴ്സ് പങ്കെടുത്തു. അടുത്ത പ്രവർത്തന വർഷത്തെ കാര്യപരിപാടികൾ ആസൂത്രണം ചെയ്തു.

**FA 14/15 യോർദ്ദാനിയ**

ജൂലൈ 25 ശനിയാഴ്ച രാവിലെ 11.30 ന് രാജകുമാരി ദേവമാതാ പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് കൂടുതൽ മക്കളുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് മാമ്മോദീസ നൽകി.

## ആത്മജ്യോതിയിലെ പരിപാടികൾ

ആഗസ്റ്റ് 2015 02-08 - എഫാത്താ ധ്യാനം

08-09 - തിയോളജി കോഴ്സ്

10-13 - വിവാഹ ഒരുക്ക ധ്യാനം

14 - സമർപ്പിത-വൈദിക സംഗമം

23-29 - എഫാത്താ ധ്യാനം

ആഗസ്റ്റ് 31 - സെപ്റ്റംബർ 03 - വിവാഹ ഒരുക്ക ധ്യാനം



## പ്രാർത്ഥനാ ഗ്രൂപ്പ്

### പുതിയ ആനിമേറ്റേഴ്സ്

ഇടുക്കി സോണിലെ പ്രാർത്ഥനാ ഗ്രൂപ്പ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി വിവിധ സബ് സോണുകൾക്കും മിനിസ്ട്രികൾക്കും പുതിയ ആനിമേറ്റർമാരെ അഭിവന്ദ്യ പിതാവ് നിയോഗിച്ചു.

| | |
|---|---|
| ദമ്പതികൂട്ടായ്മ സോൺ ആനിമേറ്റർ | : വെരി. റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ |
| ജീസസ് യൂത്ത് സോണൽ ആനിമേറ്റർ | : റവ. ഫാ. ജെയിംസ് മാക്കിയിൽ |
| പാരീഷ് മിനിസ്ട്രി | : റവ. ഫാ. ജോസ് നരിതൂക്കിൽ |
| വാഴത്തോപ്പ് സബ്സോൺ | : റവ. ഫാ. ജോസഫ് പാറക്കടവിൽ (Jr.) |
| തോപ്രാംകുടി സബ്സോൺ | : റവ. ഫാ. ജോസഫ് പൂവത്തിങ്കൽ |
| പാറത്തോട് സബ്സോൺ | : റവ. ഫാ. കുര്യാക്കോസ് ആറക്കാട്ട് |
| രാജാക്കാട് സബ്സോൺ | : റവ. ഫാ. മാത്യു തറമുട്ടം |

### ഫെമീലിയ 2015

ഇടുക്കി സോണിലെ കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ദമ്പതികളുടെ ഒരു സംഗമം ഓഗസ്റ്റ് 29 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.00 വരെ വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ നടക്കുന്നു. കരിസ്മാറ്റിക് നവീകരണത്തോട് ആഭിമുഖ്യമുള്ള ദമ്പതികളെയാണ് പ്രതീക്ഷിക്കുന്നത്. ഫാ.ജോർജ് നിരവത്ത്, ഫാ. ജോസ് ചെമ്മരപ്പള്ളിൽ, മോഹനൻ ജോസഫ്, ഷാജി വൈക്കത്തുപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ ആലോചനാ യോഗം ചേർന്ന് അന്നേ ദിവസത്തെ വിവിധ പരിപാടികൾ തയ്യാറാക്കി.

### ലീഡേഴ്സ് കൂട്ടായ്മ

ഇടുക്കി സോണിലെ വിവിധ സബ്സോണുകളുടെ ലീഡേഴ്സ് കൂട്ടായ്മ 18-ാം തീയതി ശനിയാഴ്ച ചുരുളി പള്ളിയിൽ നടന്നു. ഫാ.ജോർജ് നിരവത്ത്, ഫാ. ജോസ് നരിതൂക്കിൽ, വി.വി. അഗസ്റ്റിൻ എന്നിവർ ക്ലാസുകൾ നയിച്ചു. ജോസുകുട്ടി പണിക്കൻകുടി, ഷാജി വൈക്കത്തുപറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**പാരിഷ് ഫെസ്റ്റ്**

ഇടുക്കി സോണിലെ കരിസ്മാറ്റിക് നവീകരണ പ്രവർത്തനങ്ങൾ കൂടുതൽ ഇടവകബന്ധിയാക്കുന്നതിന്റെ ഭാഗമായി പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പാരിഷ് ഫെസ്റ്റ് കൂട്ടായ്മ ആഗസ്റ്റ് 22 ശനിയാഴ്ച 2.00 മണി മുതൽ 5.00 മണി വരെ ചുരുളി സെന്റ് തോമസ് പള്ളിയിൽ നടക്കുന്നു. എല്ലാ ഇടവകകളിലും കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പുകൾ രൂപീകരിച്ച് ഇടവകകളിൽ പ്രവർത്തനങ്ങൾ സജീവമാക്കാനാണ് ഈ കൂട്ടായ്മ. പരിപാടികൾക്ക് ഫാ. ജോസ് നരിതൂക്കിൽ, ഫാ. ജോർജ് നിരവത്ത്, ബാബു കുറ്റിപ്പാലയ്ക്കൽ, ഷാജി വൈക്കത്തുപറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകും.

## കുടുംബക്കൂട്ടായ്മ

**SCC 27/15 കുടുംബ കൂട്ടായ്മ നേതൃകമ്മറ്റി രൂപീകരണം**

രൂപതയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങൾ ഏകീകരിക്കാൻ ആഗ്രഹിച്ചുകൊണ്ട് കുടുംബ കൂട്ടായ്മയുടെ രൂപതാ സംഗമം സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. അതിനൊരുക്കമായി ഇടവകകളിൽ നേതൃകമ്മറ്റിയില്ലാത്ത ഇടവകകൾ നേതൃകമ്മറ്റി രൂപീകരിച്ച് ലിസ്റ്റ് സെപ്റ്റംബർ മാസം 15-ാം തീയതിക്കുള്ളിൽ അയച്ചുതരുവാൻ താൽപര്യപ്പെടുന്നു.

അയയ്ക്കേണ്ട വിലാസം : ഫാ. ജോർജ് കരിവേലിക്കൽ
St. Mary's Church
Chelliampara
Vellathooval - 685 563



**SCC 28/15 പുതിയ പ്രാർത്ഥനാ പുസ്തകം**

നമ്മുടെ രൂപതയിലെ കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കുന്നതിനായി ഒരു പുതിയ പ്രാർത്ഥനാ പുസ്തകം ഒരുക്കുവാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട വൈദികരുടെയും സന്യസ്തരുടെയും അത്മായ സഹോദരങ്ങളുടെയും അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.

## കത്തോലിക്കാ കോൺഗ്രസ്

### മെമ്പർഷിപ്പ് ക്യാമ്പയിൻ

സംസ്ഥാനത്തെ പ്രായപൂർത്തിയായ മുഴുവൻ സഭാംഗങ്ങൾക്കും കത്തോലിക്കാ കോൺഗ്രസിൽ അംഗത്വം നൽകുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന തലത്തിൽ ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ മെമ്പർഷിപ്പ് ക്യാമ്പയിൻ നടത്തുകയാണ്. അതിന്റെ ഭാഗമായി ഇടുക്കി രൂപതയിലെ എല്ലാ ഇടവകകളിലും യൂണിറ്റു സ്ഥാപിക്കുന്നതിനും ഓരോ യൂണിറ്റിലും കുറഞ്ഞത് പരമാവധി ആളുകളെ പ്രാരംഭഘട്ടത്തിൽ അംഗങ്ങളായി ചേർക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഓരോ ഫോറോനകളുടെയും പരിധിയിൽ വരുന്ന ഇടവകകളിൽ യൂണിറ്റു രൂപീകരിക്കുന്നതിന് രൂപത കമ്മറ്റി താഴെ പറയുന്നവരെ ചുമതലപ്പെടുത്തി.

| ഫൊറോനകളുടെ പേര് | | ചുമതലപ്പെടുത്തപ്പെട്ടവർ |
|---|---|---|
| ചുരുളി | : | പ്രൊഫ. ജോസുകുട്ടി ഒഴുകയിൽ<br>ജോസ് മുണ്ടക്കാട്ട് |
| വാഴത്തോപ്പ് | : | ജോസുകുട്ടി മാടപ്പള്ളി<br>ജോസഫ് കുര്യൻ ഏറമ്പടം |
| ഇരട്ടയാർ | : | ജോസഫ് തച്ചാപറമ്പിൽ<br>ജോസ് മറ്റപ്പള്ളിൽ |
| വെള്ളയാംകുടി | : | സി.എം. മത്തായി ചേലക്കാട്ട്<br>ബേബിച്ചൻ ശൗര്യാംകുഴി |

| | | |
|---|---|---|
| നെടുങ്കണ്ടം | : | ജോസഫ് ചാക്കോ പുത്തൂർ<br>പി.റ്റി. തോമസ് പൂവത്തുംമൂട്ടിൽ<br>കെ.സി. ചാക്കോ വരമ്പകത്ത് |
| കൂമ്പൻപാറ | : | ഡോ. ജോയി കോയിക്കക്കുടി<br>ജോർജ് ജോസഫ് താളംപ്ലാക്കൽ<br>പീറ്റർ ജോസഫ് പൂണേലിൽ |
| പാറത്തോട് | : | മാത്യു സെബാസ്റ്റ്യൻ മലേപ്പറമ്പിൽ<br>ഷാജൻ വി. തോമസ് വട്ടംപുറത്ത്<br>നോബി പോൾ മ്യാലിൽ |
| തങ്കമണി | : | ചുമ്മാർ മാത്യു തുണ്ടത്തിൽ<br>കെ.സി. ജോർജ് കോയിക്കൽ |
| വെള്ളത്തൂവൽ | : | ജോസഫ് ചാണ്ടി തേവർപറമ്പിൽ<br>സജി തോമസ് പൂതക്കുഴിയിൽ |
| രാജാക്കാട് | : | പി.എ. മാത്യു പന്തീരായികണ്ടത്തിൽ<br>സാന്റോച്ചൻ കൊച്ചുപുരയ്ക്കൽ<br>ബെന്നി കൊച്ചുപറമ്പിൽ |

എല്ലാ ഇടവകകളിലും മെമ്പർ ഷിപ്പു കാമ്പയിൻ പൂർത്തിയാക്കുന്നതോടുകൂടി യൂണിറ്റ് കമ്മറ്റികൾ രൂപീകരിക്കുന്നതിനും ഒരോ ഫൊറോനകളിലും ഫൊറോന ഡയറക്ടച്ചന്റെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹികളുടെ സമ്മേളനം വിളിച്ചു ചേർത്ത് ഫൊറോന കമ്മറ്റികൾ രൂപികരിക്കുന്നതിനും തീരുമാനിച്ചു.

### 'ആത്മമിത്ര' മൈക്രോ ഫൈനാൻസ് പദ്ധതി

സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥകളിൽ നിന്നും താഴ്ന്ന വരുമാനക്കാരെ ക്രമാനുഗതമായി ഉയർത്തിക്കൊണ്ടുവരുന്നതിന് കാലതാമസം കൂടാതെയും കൂടുതൽ ബുദ്ധിമുട്ടുകളില്ലാതെയും വായ്പകൾ ലഭ്യമാക്കുക എന്ന മുഖ്യ ഉദ്ദേശ്യത്തോടുകൂടി സഭാനേതൃത്വത്തിന്റെ പ്രത്യേക താൽപ്പര്യപ്രകാരം കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 'ആത്മമിത്ര' മൈക്രോ ഫൈനാൻസ് പദ്ധതി എന്ന പേരിൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി



രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിക്കുകയാണ്. അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി, അഭിവന്ദ്യരായ രൂപതാദ്ധ്യക്ഷന്മാർ എന്നിവരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുക. നമ്മുടെ രൂപതയിലും 'ആത്മമിത്ര' മൈക്രോ ഫൈനാൻസ് പദ്ധതി ആരംഭിക്കുകയാണ്.

### മോചനയാത്ര - ആഗസ്റ്റ് 1 മുതൽ 8 വരെ

കാർഷികമേഖലയോടു കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ അവഗണന, കർഷകരുടെ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുടരുന്ന അനാസ്ഥ, ഭാരതത്തിലും ഭാരതത്തിനുപുറത്തും വർദ്ധിച്ചു വരുന്ന മതപീഢനങ്ങൾക്കും മതതീവ്രവാദികൾ നടത്തുന്ന അരും കൊലകൾക്കുമെതിരെ മനുഷ്യമനസ്സാക്ഷി ഉണർത്തുക, സർക്കാർ തലത്തിലുള്ള അഴിമതി എന്നീ വിഷയങ്ങളുയർത്തി കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മോചനയാത്ര നടത്തുന്നു. ആഗസ്റ്റ് ഒന്നിനു തിരുവനന്തപുരം, കാസർകോട് എന്നിവിടങ്ങളിൽ നിന്നാരംഭിക്കുന്ന മോചനയാത്ര എട്ടിന് അങ്കമാലിയിൽ സമാപിക്കും. തിരുവനന്തപുരത്തുനിന്നാരംഭിക്കുന്ന തെക്കൻ മേഖലാ മോചനയാത്ര ചങ്ങനാശ്ശേരി, കോട്ടയം, പാലാ, കാഞ്ഞിരപ്പള്ളി, ഇടുക്കി, കോതമംഗലം എന്നീ രൂപതകളിലൂടെയും കാസർകോട്ടുനിന്നാരംഭിക്കുന്ന മോചനയാത്ര തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, പാലക്കാട്, തൃശൂർ, ഇരിങ്ങാലക്കുട, എറണാകുളം അങ്കമാലി എന്നീ രൂപതകളിലൂടെയും പര്യടനം നടത്തും. കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് വി.വി. അഗസ്റ്റിൻ തെക്കൻ മേഖലയിലും, ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയനിലം വടക്കൻ മേഖലയിലും മോചനയാത്ര നയിക്കും. തെക്കൻ മേഖലാ ജാഥയുടെ വൈസ് ക്യാപ്റ്റനായ ഇടുക്കി രൂപതാ പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കലും നേതൃത്വം നൽകും.

തെക്കൻ മേഖലാ ജാഥയുടെ സമരപ്രഖ്യാപനയോഗം ജൂലൈ 17 ന് കോട്ടയത്ത് കത്തോലിക്കാ കോൺഗ്രസിന്റെ സെൻട്രൽ കമ്മറ്റി ആഫീസിൽ വച്ചുകൂടി. ഇടുക്കി രൂപതാ കമ്മറ്റിയിൽ നിന്നും

പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കൽ, ട്രഷറർ ശ്രീ. സണ്ണി ജോർജ് കരിവേലിക്കൽ, ജോസുകുട്ടി മാടപ്പള്ളി എന്നിവർ പങ്കെടുത്തു.

8-ാം തീയതി പകൽ 2 മണിക്ക് അങ്കമാലിയിൽ തെക്കൻ മേഖലാ ജാഥയും വടക്കൻ മേഖലാ ജാഥയും സംഗമിക്കുന്നതോടു കൂടി സംസ്ഥാന സമ്മേളനം ആരംഭിക്കും. സീറോ മലബാർ സഭാ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി സമ്മേ ളനം ഉദ്ഘാടനം ചെയ്യും. കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ലേറ്റ് മാർ റമിജീയൂസ് ഇഞ്ചനാനി അനുഗ്ര പ്രഭാഷണം നടത്തും. എല്ലാ രൂപതകളിലേയും അഭിവന്ദ്യ പിതാക്കന്മാർ സമ്മേളനത്തിൽ സന്നിഹിതരായിരിക്കും.

ഇടുക്കി രൂപതയിലെ എല്ലാ യൂണിറ്റുകളിലെയും ഭാരവാഹികളും കഴിയുന്നത്ര പ്രവർത്തകരും സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

മോചനയാത്ര ആഗസ്റ്റ് 6 വ്യാഴാഴ്ച ഇടുക്കി രൂപതയിൽ പര്യടനം നടത്തുന്നു. 6-ാം തീയതി രാവിലെ 7.30 ന് ദിവ്യബലി യോടുകൂടി വെള്ളയാംകുടി ഫൊറോനയുടെ നേതൃത്വത്തി ലായിരിക്കും സ്വീകരണ പരിപാടികൾ നടത്തുക. 8.30 ന് റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ ഉദ്ഘാടനം നിർവ്വഹിക്കും.

10.00 മണിക്ക് ഇരട്ടയാറ്റിൽ ഇരട്ടയാർ ഫൊറോനയുടെ നേതൃത്വത്തിൽ ഫൊറോന ഭാരവാഹികളും യൂണിറ്റു ഭാരഭാഹികളും ജാഥയെ സ്വീകരിക്കും.

11.00 ന് തങ്കമണിയിൽ തങ്കമണി ഫൊറോനയുടെ നേതൃത്വത്തിലും, 12.00 ന് ചെറുതോണിയിൽ വാഴത്തോപ്പ് ഫൊറോനയുടെ നേതൃത്വത്തിലും, 1.00 ന് കരിമ്പനിൽ ചുരുളി ഫൊറോനയുടെ നേതൃത്വത്തിലും, 2.30 ന് മുരിക്കാശ്ശേരിയിൽ പാറത്തോട് ഫൊറോന യുടെ നേതൃത്വത്തിലും, 3.30 ന് പാറത്തോട്ടിൽ വെള്ളത്തൂവൽ ഫൊറോനയുടെ നേതൃത്വത്തിലും സ്വീകരണങ്ങൾ നൽകും. എല്ലാ സ്വീകരണങ്ങളിലും ഫൊറോന, യൂണിറ്റ് ഭാരവാഹികൾ ജാഥാ ക്യാപ്റ്റന് ഹാരാർപ്പണം നടത്തേണ്ടതാണ്.



4.30 ന് അടിമാലിയിൽ ജാഥയുടെ രൂപതയിലെ പര്യടനത്തിന്റെ സമാപനസമ്മേളനം രൂപത പ്രസിഡന്റ് ജോർജ് കോയിക്കൽ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനം രൂപത ഡയറക്ടർ റവ. ഫാ. ജോർജ് പാട്ടത്തേക്കുഴി ഉദ്ഘാടനം ചെയ്യും. രൂപത വികാരി ജനറാൾ മോൺ. ജെയിംസ് മംഗലശ്ശേരി അനുഗ്രഹ പ്രഭാഷണം നടത്തും. മേഖല ഡയറക്ടർ ഫാ. തോമസ് ആനിക്കുഴി ക്കാട്ടിൽ സന്ദേശം നൽകും.

## രൂപത കമ്മറ്റി

ജൂലൈ 4 ന് കത്തോലിക്കാ കോൺഗ്രസിന്റെ ഇടുക്കി രൂപത പ്രവർത്തക സമിതി കൂടി. പ്രസിഡന്റ് കെ.സി. ജോർജ് കോയിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ട്രഷറർ ജോസുകുട്ടി മാടപ്പള്ളിൽ സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ജോർജ് പാട്ടത്തേക്കുഴി അനുഗ്രഹപ്രഭാഷണം നടത്തി. സംസ്ഥാന പ്രവർത്തക സമിതിയംഗം പ്രൊഫ. ജോസുകുട്ടി ഒഴുകയിൽ, മൈക്രോ ഫൈനാൻസ് പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ചു. സമ്മേളനത്തിൽ മെമ്പർഷിപ്പ് കാമ്പയിൽ യൂണിറ്റു രൂപീകരണം, സംസ്ഥാന തലത്തിൽ നടക്കുന്ന മോചനയാത്ര എന്നിവയെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊണ്ടു.

ജൂലൈ 19 ന് രൂപത എക്സീക്യൂട്ടീവ് കമ്മറ്റി പ്രസിഡന്റ് കെ.സി. ജോർജ് കോയിക്കൽ അദ്ധ്യക്ഷതയിൽ കൂടി. മോചനയാത്രയ്ക്ക് സ്വീകരണം നൽകുന്നതിനെ സംബന്ധിച്ചും, മെമ്പർഷിപ്പു ക്യാമ്പയിൽ യൂണിറ്റ് രൂപീകരണം ഫൊറോനാ കമ്മറ്റി രൂപീകരണം എന്നിവ സംബന്ധിച്ച് തീരുമാനങ്ങളെടുത്തു.

# കേരള ലേബർ മൂവ്മെന്റ്

## KLM 40/15 തൊഴിൽ നിയമ പരിഷ്കാരങ്ങൾ സിംബോസിയം

തൊഴിൽ നിയമ പരിഷ്കാരങ്ങളും തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികളും എന്ന വിഷയത്തെ ആസ്പദമാക്കി എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ വച്ച് നടന്ന സിംബോസിയത്തിൽ ഇടുക്കി രൂപതയിൽ നിന്നും 4 പേർ പങ്കെടുത്തു.

## KLM 41/15 KLM വനിതാഫോറം ശില്പശാല

എറണാകുളം പി.ഒ.സി.യിൽ വച്ചുനടന്ന കെ.എൽ.എം വനിതാഫോറം ശില്പശാലയിൽ ഇടുക്കി രൂപതയിൽ നിന്നും 4 വനിതകൾ പങ്കെടുത്തു.

## KLM 42/15 KLM രൂപതാ ഭാരവാഹികളുടെ ക്യാമ്പ്

കെ.എൽ.എം. രൂപതാ ഭാരവാഹികളുടെ ട്രെയിനിംഗ് ക്യാമ്പ് എറണാകുളം പി.ഒ.സി.യിൽ നടന്നു. പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവർ ഇടുക്കി രൂപതയിൽ നിന്നും പങ്കെടുത്തു.

## KLM 43/15 CBCI ലേബർ കമ്മീഷൻ ശില്പശാല

അന്തർ സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ മനുഷ്യോചിതമാക്കുന്നതിന് നടത്തേണ്ട ഇടപ്പെടലുകളെ സംബന്ധിച്ച് CBCI ലേബർ ഓഫീസിന്റെയും, വിഫിന്റെയും, KLM ന്റെയും സംയുക്താഭിമുഖ്യത്തിൽ എറണാകുളം പി.ഒ.സി.യിൽ ത്രിദിന ശില്പശാല നടന്നു. KLM ഇടുക്കി രൂപതാ പ്രസിഡന്റ് ജോർജ് അമ്പഴം പങ്കെടുത്തു.



## KLM 44/15 സന്യസ്ത കൂടിയാലോചന പരിശീലന ക്യാമ്പ്

സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് സന്യസ്ത സഹോദരിമാർക്കുവേണ്ടി KLM സംഘടിപ്പിച്ച ത്രിദിന ശില്പശാല ആലുവ ചുണങ്ങൻവേലി നിവേദിതയിൽ നടന്നു. വിവിധ സന്യാസിനി സമൂഹങ്ങളെ പ്രതിനിധീകരിച്ച് ഇടുക്കി രൂപതയിൽ നിന്ന് ആറു സന്യാസിനികൾ ക്യാമ്പിൽ ആദ്യവസാനം വരെ പങ്കെടുത്തു.

## KLM 45/15 ഗവൺമെന്റ് അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകൾ ഗവൺമെന്റ് ധനസഹായത്തോടെ സൗജന്യമായി നൽകുന്നു

ഗവൺമെന്റ് അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളായ നേഴ്സിംഗ് അസിസ്റ്റന്റ്, ഡാറ്റാ എൻട്രി, റീട്ടെയിൽ സെയിൽസ് അസിസ്റ്റന്റ് എന്നീ കോഴ്സുകൾ 19 വയസ്സ് മുതൽ 35 വയസ്സ് വരെയുളള SSLC ജയിച്ചവർക്കും തോറ്റവർക്കും ഡിഗ്രി പാസായവർക്കും സൗജന്യമായി KLM ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ IL & FS SKILLS ന്റെ സഹകരണത്തോടെ കേന്ദ്രഗവൺമെന്റിന്റെ PRADHAN MANTRI KAWHAL VIKAS YOJANA (PMKVY) പദ്ധതിയുടെ ഭാഗമായി ചെയ്ത് കൊടുക്കുന്നു.

800 രൂപാ രജിസ്ട്രേഷൻ ഫീസായി വിദ്യാർത്ഥികൾ നൽകേണ്ടതും കോഴ്സ് പാസാകുമ്പോൾ 1600 രൂപാ മോണിറ്ററി റിവാർഡായി ഗവൺമെന്റ് വിദ്യാർത്ഥികൾക്ക് തിരികെ നൽകുന്നതാണ്. സെൻട്രൽ ഗവൺമെന്റ് സർട്ടിഫിക്കേഷനോടുകൂടി കോഴ്സ് പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കുന്നവർക്ക് 3 മാസത്തിനുശേഷം മോണിറ്ററി റിവാർഡായി വീണ്ടും 2000 രൂപ കൂടി ഗവൺമെന്റ് നൽകുന്നു.

കോഴ്സിന്റെ ദൈർഘ്യം 240 മണിക്കൂറാണ്. പഠനത്തിനാവശ്യമായ സ്റ്റഡി മെറ്റീരിയൽസ് ഗവൺമെന്റ് സൗജന്യമായി നൽകുന്നതാണ്.

കോഴ്സിൽ ചേരുവാനാഗ്രഹിക്കുന്നവർക്ക് ആധാർകാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് :- 9495125585.

## അറിയിപ്പുകൾ

### പുതിയ സാരഥികൾ

**MEDICAL SISTERS OF ST. JOSEPH**

**ST. JOSEPH'S PROVINCE DHARMAG1RI,**

**KOTHAMANGALAM- 686 691**

| | | |
|---|---|---|
| Rev. Sr. Ajaya MSJ | - | Provincial Superior. |
| Sr. Josefa | - | Vicar Provincial and Directress of Healing mission |
| Rev. Sr. Lis Maria | - | Directress of Formation |
| Rev. Sr. Pranidha | - | Directress of Social Mission |
| Rev. Sr. Paula | - | Directress of Evangelization |
| Rev. Sr. Sudina | - | Provincial Procurator |
| Rev. Sr Renjitha | - | Provincial Secretary |





## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂലൈ 2015**

01 ആലുവ മേജർ സെമിനാരിയിൽ സെമിനാരി കമ്മീഷന്റെ ഭാഗമായി സന്ദർശനം നടത്തി.

05 ഡി.സി.എം.എസിന്റെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

09 കരുണ ആശുപത്രിയിൽ പുതിയതായി നിർമ്മിച്ച ഡയാലിസിസ് സെന്റർ വെഞ്ചിരിക്കുകയും തുടർന്നു നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നല്കുകയും ചെയ്തു

11 അടിമാലി ആത്മജ്യോതിയിൽ നടന്ന പാസ്റ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.

11-12 മുട്ടുകാട് സെന്റ്. ജോർജ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

13 അടിമാലി ആത്മജ്യോതിയിൽ നടന്ന യുവവൈദിക സെമിനാർ ഉദ്ഘാടനം ചെയ്തു.

15 മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ പുതിയ ബാച്ചിലേക്ക് പ്രവേശനം ലഭിച്ച കുട്ടികൾക്കായി വിശുദ്ധ കുർബാനയർപ്പിക്കുകയും തുടർന്നു നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

16 കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് അടിമാലി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി.

17 അടിമാലി ആത്മജ്യോതിയിൽ നടന്ന കെ.സി.എസ്.എൽ. മീറ്റിങ്ങ് ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

18 ചങ്ങനാശ്ശേരി മാർത്തോമാ വിദ്യാനികേതന്റെ ജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്ത് മുഖ്യപ്രഭാഷണം നടത്തി.

18-19 പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

20 മങ്കുവയിൽ പുതുക്കിപ്പണിത സി.എം.സി. മഠത്തിന്റെ ചാപ്പൽ കൂദാശ ചെയ്ത് മഠം വെഞ്ചിരിച്ചു.

25 രാജകുമാരി പള്ളിയിൽ മാമ്മോദീസ നടത്തി.

25-26 ബൈസൺവാലി പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.





## രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ

**ആഗസ്റ്റ് - 2015**

| ദിവസം | സ്ഥലം | കാര്യപരിപാടികൾ |
|---|---|---|
| 01 | കാളിയാർ | |
| 03 | നെടുംങ്കം | |
| 04–08 | കാക്കനാട് | ധ്യാനം |
| 08 | ജോസ്ഗിരി | |
| 10 | | ജീവൻ ടീ |
| 12 | തൊവരയാർ | |
| 13 | മുരിക്കാശ്ശേരി | |
| 14 | അടിമാലി | സമർപ്പിതസംഗമം |
| 15 | രാജമുടി | |
| 16 | കരിമ്പൻ | |
| 17–29 | കാക്കനാട് | സിനഡ് |
| 30 | വാത്തിക്കുടി | |
| 31 | വെള്ളയാംകുടി | |

